# കുട്ടിക്കവിതകൾ

(1977)

ഒരു കുല മുന്തിരിങ്ങ–1959

ഉണ്ണിക്കിനാവുകൾ –1965

കളിക്കൊട്ടിലിൽ – 1990

## ഉള്ളടക്കം


- ആദിത്യസ്ത്രോത്രം
- വിദ്യ തരിക
- പടച്ചോൻ സഹായം
- കാത്തിരിപ്പ്
- മുന്നറിയിപ്പ്
- ഉമ്മറംകാവൽ
- കാവിലെ വേല
- കിളിവേട്ട
- വള തരുമോ
- മുത്തശ്ശി
- കാടൻപൂച്ച
- പക്ഷിശാസ്ത്രം
- പൊരുളറിയില്ല
- കുളക്കടവിൽ
- അനുകരണം
- വാഗ്ദാനം
- പാമ്പുവള
- അരി കിട്ടാഞ്ഞിട്ട്
- ഭൂമിയുടെ കുട
- മുല്ലപൂത്തപ്പോൾ
- ഓണം വന്നപ്പോൾ
- അഹങ്കരിക്കരുത്
- നാളത്തെ പ്രാരബ്ധം
- മഴക്കാറിനോട്
- പാവക്കുട്ടിയോട്
- പോക്കാച്ചികളോട്
- പനിനീർപ്പൂവിനോട്
- അമ്പിളിയമ്മാമനോട്
- കടലിനോട്
- അരിപ്രാവിനോട്
- പാറ്റകളോട്
- തെക്കൻകാറ്റിനെപ്പറ്റി
- വേതാളം
- തെരുവിൽ ഒരുനിമിഷം
- അച്ഛനും അമ്മയും
- ആപത്തുണ്ട്
- അക്കരപ്പച്ച
- ഊഞ്ഞാൽ ചുവട്ടിൽ
- കൂത്തുകാണാൻ
- അമ്മിഞ്ഞപ്പാല്
- തളിരും പൂവും നെഹ്റുവും
- ഇടയൻ
- കാട്ടാളനും മനുഷ്യനും
- കാക്കയും കുയിലും
- പൂശാരിരാമൻ
- കോരപ്പന്റെ മൗനം
- കോവർക്കഴുത സംസാരിക്കുന്നു
- മീശവരാഞ്ഞിട്ട്
- ആനിയും കാളിയും
- അമ്പലപ്പുഴെ പാൽപ്പായസം
- കാഷ്യൂനൊന്ന്
- ശർക്കരയുടെ കഥ
- ദേശീയ സമ്പാദ്യം
- ആനയ്ക്കു പറ്റിയ അമിളി
- ഡ്രൈവർ കുളത്തെ
- ഗുരുവായൂരെ ആന
- ഉത്സവപ്പിറ്റേന്ന്
- മനോരാജ്യത്തിന്നിടയിൽ
- കണ്ടവരുണ്ടോ?
- അടയ്ക്കയും കവുങ്ങും
- കണ്ണട വേണ്ടേ?
- ഓലപ്പീപ്പിയും ഓടക്കുഴലും
- പ്രാവും കുട്ടിയും
- പൂക്കൾ വിളിക്കുന്നു
- മലവെള്ളം വന്നപ്പോൾ
- ഓടക്കുഴൽവിളി
- ദുർവ്വിധിയുടെ കഥ
- അയ്യപ്പൻവിളക്കിന്റെ അല
- മുത്തച്ഛൻ
- കുട്ടികളുടെ തൃശൂർപൂരം
- വിദ്യാരംഭം
- അത്തച്ചമയം
- ആർക്കിമെഡീസ്
- കൃഷ്ണാപാഹി!
- അരക്ഷിതാവസ്ഥ
- ആരാവണം?
- നാഴിക വട്ട
- എള്ളിന്നിടയിൽ
- കുട്ടപ്പന്റെ കുസൃതി
- വമ്പനും കൊമ്പനും

# ആദിത്യസ്തോത്രം

പുലരിവരുന്നു, പുതിയൊരു ദിവസം
കണ്ണുമിഴിക്കുന്നൂ, മീതേ
കണ്ണുമിഴിക്കുന്നൂ;

പുലരിവരുന്നു, പുതിയ വെളിച്ചം
വന്നു വിളിക്കുന്നൂ, നമ്മളെ
വന്നു വിളിക്കുന്നൂ.

അമ്പലനടയിൽ കൊമ്പനെടുക്കും
തിടമ്പിനെപ്പോലെ, കനക
ത്തിടമ്പിനെപ്പോലെ,

അതാ കിഴക്കൻമാമല രവിയെ–
ച്ചുമന്നു നിൽക്കുന്നൂ, മുതുകിൽ–
ച്ചുമന്നു നിൽക്കുന്നൂ.

കൂമ്പും മിഴിയും, കുനിയും തലയും
വഹിച്ചു നിൽക്കുമ്പോൾ, ഭക്ത്യാ
വഹിച്ചു നിൽക്കുമ്പോൾ

ആമ്പൽപ്പൂവുകൾ കാറ്റത്തിളകും
ചുണ്ടാൽ പ്രാർത്ഥിപ്പൂ, മൃദുല–
ച്ചുണ്ടാൽ പ്രാർത്ഥിപ്പൂ:

ഒരാളുമില്ല ഭുവസ്സിൽബ്ഭൂവിൽ
സ്വർഗ്ഗത്തിൽപ്പോലും, സാക്ഷാൽ
സ്വർഗ്ഗത്തിൽപ്പോലും

വരേണ്യനായിസ്സവിതാവല്ലാ–
തൊരാളുമില്ലല്ലോ, വേറി–
ട്ടൊരാളുമില്ലല്ലോ!

പുലരി വരുന്നൂ, പുതിയൊരു ദിവസം
കണ്ണുമിഴിക്കുന്നൂ, മീതേ
കണ്ണുമിഴിക്കുന്നൂ:

പുലരിവരുന്നൂ, പുതിയ വെളിച്ചം
വന്നുവിളിക്കുന്നൂ, നമ്മളെ
വന്നു വിളിക്കുന്നൂ.

# വിദ്യ തരിക!

വിദ്യയരുളുക തമ്പുരാനേ

വിണ്ണിലിരുന്നിടും തമ്പുരാനേ,

പാവങ്ങൾ ഞങ്ങൾതൻ പഞ്ചേന്ദ്രിയങ്ങളും
പാവനമാക്കുക തമ്പുരാനേ!

കണ്ണുകളില്ലാത്ത കുറ്റമില്ല,
കാണേണ്ടതെന്തെന്നറിഞ്ഞുകൂടാ;

കാതുകളില്ലാത്ത കുറ്റമില്ല,
കേൾക്കേണ്ടതെന്തെന്നറിഞ്ഞുകൂടാ.

മൂക്കുകളില്ലാത്ത കുറ്റമില്ല,
നാക്കുകളില്ലാത്ത കുറ്റമില്ല,

ചർമ്മവുമില്ലാത്ത കുറ്റമില്ല,
ധർമ്മമെന്താണെന്നറിഞ്ഞുകൂടാ.

വിദ്യയരുളുക തമ്പുരാനേ,
വിണ്ണിലിരുന്നിടും തമ്പുരാനേ,

പാവങ്ങൾ ഞങ്ങൾതൻ പഞ്ചേന്ദ്രിയങ്ങളും
പാവനമാക്കുക തമ്പുരാനേ!

# പടച്ചോൻ സഹായം

ഞങ്ങൾക്കുള്ള പടച്ചോനേ, നീ
ഞങ്ങളെ നോക്കിവളർത്തുന്നു.

കുട്ടികൾ ഞങ്ങളെ നോക്കിവളർത്താൻ
മറ്റാരെക്കൊണ്ടാവുന്നു?

തീയെരിയുന്നൊരടുപ്പില്ലേ, കിണർ
വായപൊളിച്ചു കിടപ്പില്ലേ,

കല്ലും കരടും മുള്ളും മുരടും
കാണുന്നില്ലേ വഴിനീളേ?

കൊമ്പൻകാളകൾ, വമ്പൻനായകൾ
തുമ്പില്ലാതെ നടപ്പില്ലേ?

പൊത്തുകൾതോറും തേളുകളില്ലേ,
പത്തിചുരുക്കിയ പാമ്പില്ലേ?

ഇത്തിരിനേരമടങ്ങിയൊതുങ്ങി
കുത്തിയിരിക്കാനാവട്ടേ

ആവതുമില്ലാ ഞങ്ങടെ കാൽകൾ–
ക്കാരാരെത്ര പറഞ്ഞാലും.

ഞങ്ങൾക്കുള്ള പടച്ചോനേ, നീ
ഞങ്ങളെ നോക്കിവളർത്തുന്നു.

കുട്ടികൾ ഞങ്ങളെ നോക്കിവളർത്താൻ
മറ്റാരെക്കൊണ്ടാവുന്നു?

# കാത്തിരിപ്പ്

നാളെ വരുമച്ഛൻ,

നാളെ വരുമച്ഛൻ!
കൊണ്ടുവരും നെയ്യലുവ–
ത്തുണ്ടമപ്പോളച്ഛൻ!

കണ്ണിമകൾ പൂട്ടിടാതെ
കാത്തിരിപ്പൂ ഞങ്ങൾ:

പൊന്തിവന്നീടുന്നു വെള്ളം
ഞങ്ങളുടെ വായിൽ

എപ്പൊഴും ഹാ, നാവു മുങ്ങി–
ക്കപ്പലെന്നപോലെ
ഒച്ചയും വിളിയുമില്ലാ–
തോടിനടക്കുന്നു.

നാളെ വരുമച്ഛൻ,
നാളെ വരുമച്ഛൻ!
കൊണ്ടുവരും നെയ്യലുവ–
ത്തുണ്ടമപ്പോളച്ഛൻ!

## മുന്നറിയിപ്പ്

കാഴ്ചകൾ കാണാൻ പോകുന്നവരേ.

കാര്യം നമ്മൾ പറഞ്ഞേക്കാം;

കാണണമെന്നു വിചാരിക്കുന്നതു
കാണാൻ ചെന്നാൽക്കാണില്ല!

കടലുകൾ കാണാൻ പോയിട്ടീ ഞാൻ
കണ്ടതു നീളേ തിരമാല;

കപ്പലു കാണാൻ പോയിട്ടീ ഞാൻ
കണ്ടതു കൂറ്റൻ മണിമേട.

കാടുകൾ കാണാൻ പോയിട്ടീ ഞാൻ
കണ്ടതു നീളേ മരമല്ലോ;

കാണാൻ ചെന്നൂ വാരിക്കുഴി ഞാൻ,
കണ്ടതു കൂറ്റൻ കിണറല്ലോ.

കാഴ്ചകൾ കാണാൻ പോകുന്നവരേ,
കാര്യം നമ്മൾ പറഞ്ഞേക്കാം:

കാണണമെന്നു വിചാരിക്കുന്നതു
കാണാൻ ചെന്നാൽക്കാണില്ല!

## ഉമ്മറംകാവൽ

ആട്ടിൻകുട്ടീ, പയ്ക്കുട്ടീ,

പൂച്ചക്കുട്ടീ, നായ്ക്കുട്ടീ

എന്തിനടുക്കളവാതിലിലിങ്ങനെ–
യെപ്പോഴും വന്നുന്തുന്നു?

നിങ്ങൾക്കോരോ വീടില്ലേ,
നിങ്ങടെ വീട്ടിൽച്ചോറില്ലേ,

ചോറിൽക്കൂട്ടാൻ കറിയില്ലേ, ഹേ,

കറിയുണ്ടാക്കാനറിയില്ലേ?

കാവലിരിക്കാൻ നമ്മെക്കൊ–
ണ്ടാവില്ലെന്നു വരുത്തൊല്ലേ:

അമ്മ വരട്ടേ, ചോറും കറിയും
നമ്മളുരുട്ടിത്തന്നേക്കാം.

ആട്ടിൻകുട്ടീ, പയ്ക്കുട്ടീ,
പൂച്ചക്കുട്ടീ, നായ്ക്കുട്ടീ,

പറയുവതൊന്നും കേൾക്കില്ലെങ്കിൽ–
ക്കരയും ഞാനങ്ങുച്ചത്തിൽ!

## കാവിലെ വേല

എല്ലാർക്കുമുല്ലാസം, നമ്മൾ–
ക്കെല്ലാർക്കുമുല്ലാസം:
വേലയ്ക്കു പോവുന്നൂ, കാവിലെ
വേലയ്ക്കു പോവുന്നൂ!

ഹാലുപിടിക്കുന്നൂ, ചെണ്ട–
ക്കോലടി കേൾക്കുമ്പോൾ
കാലുതരിക്കുന്നൂ കോമരം
വാളു കിലുക്കുമ്പോൾ!

എന്നാലും മുത്തച്ഛൻ, പോവരു–
തെന്നു വിലക്കുമ്പോൾ
പേടിച്ചുതുള്ളുന്നൂ, മിണ്ടാ–
തോടിക്കളയുന്നൂ.

## കിളിവേട്ട

ഊട്ടുകഴിഞ്ഞു രസിക്കുമ്പോ, ളൊരു
പാട്ടായ്ച്ചൂളമടിക്കുമ്പോൾ,
കാട്ടിൽപ്പാറിയ പച്ചക്കിളിയോ–
ടേട്ടന്നൊരു വിളി തോന്നീലോ!

അമ്പും വില്ലും തീർപ്പിച്ചൂ,
''അമ്പട ഞാനേ'' ഗർജ്ജിച്ചൂ,
വേട്ടക്കാരെ വിളിപ്പിച്ചൂ
''വേഗം പോണം'' കൽപ്പിച്ചൂ.

പകലിരവൊക്കെ നടന്നിട്ടും
പച്ചത്തൂവലു കണ്ടില്ല;
പച്ചിലയമ്പേ പരതീട്ടും
പച്ചക്കിളി കൈവന്നില്ല.

ഒടുവിൽ 'സാസൂ' മിണ്ടാതേട്ടനൊ–

ടൊപ്പം തിരികെ പോരുമ്പോൾ
നൊണ്ടിനടക്കും വേട്ടക്കാരുടെ
ചുണ്ടത്തൊരു ചിരി വന്നൂലോ!

## വള തരുമോ ?

തരിവള വിൽക്കുന്നോനേ,

തരുമോ വളയൊരു ജോടി?
കാൽവിരലുണ്ണും കുഞ്ഞിൻ
കൈക്കിടുവിയ്ക്കാനാണേ.

പൊന്നും രത്നക്കല്ലും
തന്നീടണമെന്നില്ല;
കുപ്പിവളയ്ക്കും മോഹം
റബ്ബർവളയ്ക്കും മോഹം!

തരിവള വിൽക്കുന്നോനേ,
തരുമോ വളയൊരു ജോടി?

അമ്മ കുളിക്കാൻ പോയീ
അച്ഛൻ തേവാൻ പോയി,
മേശത്താക്കോലില്ല,
കാശും കൈകളിലില്ല.

തരിവളവിൽക്കുന്നോനേ,
തരുമോ വളയൊരു ജോടി?
കാൽവിരലുണ്ണും കുഞ്ഞിൻ
കൈക്കിടുവിയ്ക്കാനാണേ!

## മുത്തശ്ശി

മത്തത്തടത്തിന്റെ ചുറ്റിലും കണ്ടില്ലേ?

മുത്തഞ്ഞ പൊട്ടിമുളച്ചു വന്നു.

മുത്തഞ്ഞ മാന്തിപ്പറിക്കാനിരിക്കുന്ന
മുത്തശ്ശി മണ്ണിലുറച്ചുപോയി.

ആണുങ്ങളായിട്ടും പെണ്ണുങ്ങളായിട്ടും
അങ്ങേതിലിങ്ങേതിലുള്ളവരേ,

വീണ്ടിയുമായ് വന്നീ മുത്തശ്ശിയമ്മയെ
വീണ്ടെടുക്കാഞ്ഞാൽക്കടുപ്പമാണേ!

മോരിൽക്കലക്കിയ മുത്തഞ്ഞ മൂക്കോളം
മോന്താൻ മടിച്ചു പറഞ്ഞതല്ല:

എല്ലാർക്കുംകൂടിയിട്ടുള്ളൊരു മുത്തശ്ശി
കല്ലായിപ്പോയാൽക്കടുപ്പമല്ലേ?

## കാടൻ പൂച്ച

കാടൻപൂച്ചേ, കാടൻപൂച്ചേ,
കാട്ടിലെ വിവരം പറയാമോ?
കാണ്ടാമൃഗവും കരടിയും കാട്ടിയും
കാഴ്ചയ്ക്കെങ്ങനെ? മൊഞ്ചുണ്ടോ?

അങ്ങോട്ടു ചോദിച്ച ചോദ്യത്തിനൊന്നിനു–
മിങ്ങോട്ടു മറുപടിയില്ലെങ്കിൽ
കണ്ണും ചിമ്മി നീ പാലുകുടിക്കുന്ന
കഥ ഞാനമ്മയെയറിയിക്കും.

പെട്ടെന്നു പാൽകുടി നിർത്തിയതെന്തേ
ചട്ടിയിലെപ്പാൽ തീർന്നെന്നോ?
കാടൻപൂച്ചയാണെങ്കിലും സത്യത്തിൽ
കാടു നീ കണ്ടിട്ടില്ലെന്നോ?

## പക്ഷിശാസ്ത്രം

നാട്ടുകാരുടെ മുഴുവൻ ഭാഗ്യ–
ച്ചീട്ടു കൊത്തിയെടുക്കും കിളിയേ
ഏതൊരു പണ്ഡിതവര്യൻ നിന്നെ
ജ്യോതിഷവിദ്യ പഠിപ്പിച്ചു?

കുറവച്ചാരുടെ തലയിൽക്കൂട്ടിൽ
കുനിഞ്ഞു കുത്തിയിരിക്കുംനേരം
പനയുടെ മുകളിൽ പാർത്തൊരുകാലം
കനവിന്നുള്ളിലുദിക്കില്ലേ?

അങ്ങാടിക്കോലായിൽച്ചെന്നവ–
നന്തിയുറങ്ങുംനേരം കിളിയേ
കൊത്താറില്ലേ കൂട്ടിന്നഴിയിൽ
കൊക്കു കടഞ്ഞിടുവോളം നീ?

ചോദിക്കാനുണ്ടിനിയും പക്ഷേ,
ചോദിക്കാ ഞാനൊന്നും കിളിയേ,
എന്നുടെ ചോദ്യം കേട്ടിക്കുറവനു
നിന്നൊടു കോപം വന്നാലോ?

## പൊരുളറിയില്ല

ആലപ്പുഴയൊരു പുഴയല്ലേ?
പാലക്കാടൊരു കാടല്ലേ?
എറണാകുളമൊരു കുളമല്ലേ? പൊരു–
ളറിയാൻ കഴിയുന്നില്ലമ്മേ!

ഏട്ടനൊടും ഞാൻ ചോദിച്ചു,

ഏട്ടത്തിയൊടും ചോദിച്ചു,
പാൽക്കാരിയൊടും മത്തിക്കൊട്ട–
പ്പോക്കരൊടും ഞാൻ ചോദിച്ചൂ.

പട്ടണമെന്നു പറഞ്ഞെന്നെ–
പ്പറ്റിക്കുകയാണെപ്പേരും
വാക്കിലെ ഗുട്ടൻസറിയാത്തവരുടെ
വാക്കെങ്ങനെ ഞാൻ ശരിവയ്ക്കും?

## കുളക്കടവിൽ

**കൂ**പ്പിൽ കയറിയിരിക്കാം പൊന്മേ,
കുറച്ചുനേരം ധ്യാനിക്കാം

വെള്ളംപൊന്തിയ സന്തോഷത്താൽ
തുള്ളിച്ചാടും മത്സ്യങ്ങൾ

വായുവിലേക്കു വിടർത്തുന്നു തുടു–
വായിൽ തിങ്ങിടുമോങ്കാരം!

കഷ്ടം, നിന്റെ തപസ്സിലിരിക്കും
കളവാക്കൂട്ടർക്കറിയില്ല!

കൂപ്പിൽ കയറിയിരിക്കാം പൊന്മേ,
കുറച്ചുനേരം ധ്യാനിക്കാം.

ധ്യാനം മുറുകുംനേരം മുന്നിലെ
മീനിൽ പ്രണവം വിടരുമ്പോൾ

വായ തുറക്കാം, ചാടിക്കൊത്താം,
വയറും പൊന്മേ, വീർപ്പിക്കാം.

## അനുകരണം

**അ**ന്തിക്കു നമ്മളോടൊന്നിച്ചുറങ്ങിയ

ചെന്താമരപ്പൂക്കൾ
കണ്ണുതുറന്നല്ലോ കാലത്തു നാമൊക്കെ
കണ്ണുതുറന്നപ്പോൾ

പൂക്കളനുകരിച്ചീടുന്നു നമ്മെയെ–
ന്നോർക്കുമ്പോളാഹ്ളാദം
ചീർക്കുന്നു നമ്മളി'ലമ്പടഞാനേ' എ–
ന്നാർക്കുമഹംഭാവം

എന്നാൽ,ത്തുടുത്തൊരീപ്പൂക്കൾതൻ ചുണ്ടത്തു
നിന്നു വിറയ്ക്കുന്നു
ഞങ്ങളെക്കഷ്ടമനുകരിച്ചീടുന്നു
നിങ്ങളെന്നല്ലല്ലീ?

## വാഗ്ദാനം

ഇന്നു ഞങ്ങൾ പുലർകാലപ്പുതു–
പുഞ്ചിരിചൊരിയും പൂക്കൾ
നാളെയീ നാടുചിതംപോലെ
ഭരിച്ചിടും നേതാക്കൾ

അച്ഛന്മാരേ, ശങ്കിക്കേണ്ടാ
അമ്മമാരേ, കരയേണ്ടാ
സമയം വന്നാൽ കർത്തവ്യത്തിനു
സമർത്ഥരായിത്തീരും ഞങ്ങൾ.

പഞ്ചകന്യകമാരുടെ മടിയിൽ
പള്ളിയുറങ്ങി വളർന്നവരല്ലേ?
വാലാൽ തട്ടിയുണർത്തിയ ഹനുമാൻ
തോളിലെടുത്തു നടന്നിട്ടില്ലേ?

ഞങ്ങടെ വില്ലുകുലയ്ക്കും രാമൻ
ഞങ്ങടെ തേരു തെളിക്കും കൃഷ്ണൻ
കാത്തരുളീലേ ഞങ്ങളെ നിത്യം
പാർത്ഥൻ, ഗരുഡൻ, നരസിംഹം?

അച്ഛന്മാരേ, ശങ്കിക്കേണ്ടാ
അമ്മമാരേ, കരയേണ്ടാ
കരളിൽ വിവേകാനന്ദനുദിപ്പൂ
കണ്ണിലുദിപ്പൂ ഗാന്ധി!

## പാമ്പുവള

തവളകൾ കരയും കടവിൽ, കണ്ണും
തലയും നാവും വെളിയിൽക്കാട്ടി
കൂപ്പിൻ വിടവിൽ ചേര കിടന്നു:
കുട്ടികളവനെക്കണ്ടില്ല.

വാസു ഭയത്തൊടുകൂടിച്ചൊല്ലീ
ദാസുവൊ,''ടിതുകണ്ടില്ലേ പഹയാ,
അങ്ങേക്കടവി ലിതാ മിന്നിക്കൊ–
ണ്ടാടുന്നുണ്ടൊരു പാമ്പുവള!''

ചേര മനസ്സിൽക്കരുതി,'നിങ്ങടെ
ധാരണ ശരിയല്ലുണ്ണികളേ, ഞാ–
നൂരിയതാണതു, ഞാനൊരു പാമ്പായ്–
ത്തീരുകയില്ലിജ്ജന്മത്തിൽ!

ഇല്ലാ വിഷസഞ്ചികളെൻ വായയി–
ലില്ലാ തലയിൽ പടവും; ഞാനൊരു
തവളയെ വായിൽപ്പോക്കാനെന്താ
തരമെന്നോർത്തു പരുങ്ങുന്നു.''

## അരി കിട്ടാഞ്ഞിട്ട്

അങ്ങാടിയിലരികിട്ടാതെയാവുന്നു,

അമ്മച്ചി കോപിച്ചു തുള്ളുന്നു!
അന്നത്തെരാത്രിയിലായിരുന്നു ശരി-
ക്കാനന്ദമാപ്പരമാനന്ദം!

ഗോതമ്പമമ്മച്ചി കുത്തിപ്പൊടിക്കുന്നു,
ഗോതമ്പുമാവു കുഴയ്ക്കുന്നു,
ചട്ടിയടുപ്പത്തുവെച്ചു തെരുക്കനെ-
ച്ചപ്പാത്തി ചുട്ടുനിരത്തുന്നു!

നെയ്യിട്ട ചപ്പാത്തി തിന്നുന്ന കൂട്ടത്തിൽ
കൈയിൻ വിരലിൽ കടിക്കുമ്പോൾ
''ചോറിനില്ലിത്രയും സ്വാദെന്നു'' മെല്ലെ നാം
ചൊല്ലുന്നതമ്മച്ചി കേൾക്കുന്നു!

## ഭൂമിയുടെ കുട

ഇന്നലെ രാത്രിയൊരിടിവെട്ടിയതി-

ന്നിന്നാദിത്യനുദിക്കുംമുമ്പേ
പാരൊരു വെള്ളിക്കുടയും നീർത്തി
പത്രാസോടെയിരിക്കുന്നു.

കൂണെന്നാണിക്കുടയുടെ പേരി,തു
കാണാൻ വളരെക്കുതുകംതന്നെ.
ശരി,യെന്നാലും കാണുന്നോർക്കൊരു
ശങ്ക മനസ്സിലുദിച്ചേക്കാം.

ഇത്ര പെരുത്തൊരു ഭൂലോകത്തി-
ന്നിച്ചെറുകുടകൊണ്ടെന്താ കാര്യം?
വെള്ളിക്കുടയാണെന്നാലും ശരി
കൊള്ളണമല്ലോ മഴമുഴുവൻ.

## മുല്ല പൂത്തപ്പോൾ

മുല്ലപ്പന്തലിലെങ്ങും കുഞ്ഞി-

പ്പല്ലു മുളച്ചു, പല്ലു മുളച്ചു;
പിന്നെപ്പിന്നെ പല്ലുകളെല്ലാം
കണ്ണു മിഴിച്ചു. കണ്ണു മിഴിച്ചു!

ഇക്കഥ കേട്ടാളങ്ങേ വീട്ടിൽ
ചക്കമുറിച്ചിടുമിക്കാവമ്മ;
ഇങ്ങേ വീട്ടിൽശ്ശോശാമ്മ, മ-
റ്റെങ്ങാണ്ടത്തെപ്പാത്തുമ്മ:

പൂക്കൂടയുമായ് വന്നൂ നാട്ടിലെ
മൂക്കുള്ളവരാം സർവരും, എന്നാൽ
മുല്ലയ്ക്കരികെ ചെന്നപ്പോളതി–
നുള്ളിലിരിപ്പു വെമ്പാല!

## ഓണം വന്നപ്പോൾ

**മാ**വേലീ, നിന്റെ വരവുമൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ!

അറ്റുപോവുന്നില്ലുരക്കടലാ–
സ്സിട്ടാലും കണ്ണെഴുത്തെന്നുവന്നു

വർണ്ണപ്പൂക്കാടുകൾ കണ്ടു കണ്ടു
കണ്ണിലെക്കാഴ്ച പരുങ്ങലായി

വിണ്ണിലലയ്ക്കുന്ന പൂവിളിയാ–
ലണ്ണാക്കു മണ്ണട്ടയായി മാറി.

തുമ്പപ്പൂത്തുമ്പേറ്റു കീറിയോരോ
തൂവിരലറ്റത്തും ചോരവന്നു.

കാതിന്നു വില്ലൊച്ച കേട്ടു കേട്ടു
യാതൊന്നും കേൾക്കില്ലെന്നായ്ക്കഴിഞ്ഞു

ഉപ്പേരി പപ്പടം തിന്നുതിന്നി–
ട്ടുള്ള രുചിയും പറപറന്നു.

നേന്ത്രപ്പഴത്തോടു മല്ലടിച്ചു
കോന്ത്രമ്പല്ലൊക്കെത്തകർന്നുംപോയി.

മാവേലീ,നിന്റെ വരവുമൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ!

## അഹങ്കരിക്കരുത്

**പാ**പ്പാത്തി, പാപ്പാത്തി,

പാവാടചുറ്റിയ പാപ്പാത്തീ,
തേനുണ്ടു കാറ്റിൽ നീ പാറിക്കളിക്കുമ്പോൾ
കാണുന്ന ഞങ്ങൾക്കാഹ്ളാദം!

ഭാരിച്ച ജീവിതം മുതുകത്തേറ്റി
പ്പാരിലരിച്ചു നടന്നല്ലോ
ഇത്തിരിദിവസം മുമ്പേ നിയെ–
ന്നിപ്പോൾക്കണ്ടാൽ തോന്നില്ല!

ഉണ്ടായ്ത്തീരരുതെന്നാലും നിൻ
ഉൾക്കുരുന്നിങ്കലഹങ്കാരം
പാടുന്ന പഞ്ചവർണ്ണക്കിളികൂടി
പാറുന്നതാണീയാകാശം

## നാളത്തെ പ്രാരബ്ധം

പുതിയൊരിക്കൊല്ലപ്പിറവിയിൽ വീട്ടിനെ–
പ്പുന്നൽക്കുലയാൽ നിറച്ചിടുമ്പോൾ

നാനൂറു ജോലികളില്ലയോ കൂട്ടരേ,
നാളെയീ ഞങ്ങൾക്കു ചെയ്തുതീർക്കാൻ?

വടക്കിനി മെഴുകണം, തെക്കിനി മെഴുകണം,
പടിഞ്ഞാറ്റി മെഴുകണം, കിഴക്കിനിയും.

അടപരത്തീടണം, അടുപ്പത്തു വെയ്ക്കണം,
അടുപ്പത്തുനിന്നതു വാങ്ങിടേണം.

അരിമാവിലോടങ്ങൾ മുക്കണം, മുക്കിയി–
ട്ടറവാതിൽതോറുമണിഞ്ഞിടേണം.

അട നിവേദിക്കണം മച്ചിലെത്തേവർക്കും
അണയ്ക്കിലയ്യപ്പനും വേണ്ടപോലെ!

## മഴക്കാറിനോട്

താനൊരുയർന്നവനാണെന്നോർത്താ
മാനത്തെല്ലാമലയുമ്പോൾ
താഴെ നടക്കും ഞങ്ങടെനേരെ–
ത്തട്ടിക്കയറും മഴമുകിലേ,

വീറൊടുകൂടിക്കൂടെക്കൂടെ–
ച്ചൂരക്കോലുകൾ മിന്നിപ്പൂ,
അട്ടഹസിപ്പൂ, ഞങ്ങളെയെല്ലാം
ഞെട്ടിക്കാനായല്ലല്ലീ?

തറയെപ്പറ്റിപ്പറയെപ്പറ്റിയു–
മറിയാനുള്ള തിടുക്കത്തിൽ
പാതയിലൂടെ പ്രാഞ്ചിപ്രാഞ്ചി–
പ്പാഞ്ഞിടുമുണ്ണികളീ ഞങ്ങൾ

പള്ളിക്കൂടപ്പടിവാതില്ക്കൽ–
ച്ചെല്ലുംമുമ്പേ കറിനൻ നീ
കുപ്പായത്തിൽക്കാലുറകളിലും
തുപ്പിത്തുപ്പിനിറച്ചല്ലോ!

താനൊരുയർന്നവനാണെന്നോർത്താ
മാനത്തങ്ങിങ്ങലയുമ്പോൾ
താഴെ നടക്കും ഞങ്ങടെനേരെ–
ത്തട്ടിക്കയറും മഴമുകിലേ.

നീയൊരുയർന്നവനാണെന്നതിലി–
ല്ലീയുള്ളോർക്കിനിയാശങ്ക
ഏത്തമിടുന്നൂ, കൈകൂപ്പുന്നു,

താഴ്ത്തുന്നു തല നിൻമുന്നിൽ!

## പാവക്കുട്ടിയോട്

കഥയെന്താണിതു പാവക്കുട്ടി,
കണ്ണുമിഴിച്ചുകിടപ്പോ നീ

മഴയുംകൊണ്ടു മലർന്നുംകൊണ്ടീ
മണ്ണിലിതമ്മയറിഞ്ഞില്ല!

പനിയോമറ്റോ വന്നാലത്തെ–
പ്പാടെന്താണെന്നറിയാമോ?

വരു,വരു, ലേശം രാസ്നാദിപ്പൊടി
നിറുകയിലമ്മ തിരുമ്മട്ടെ!

കോച്ചുന്നില്ലേ കാലും കൈയും?
തേച്ചുതരാം ഞാൻ ചൂടൊടെ

മുക്കിലിരിക്കും മുത്തശ്ശി തേക്കുന്ന
മുക്കൂട്ടിത്തിരി ധാരാളം.

ചകലാസ്സിട്ടു പുതപ്പിക്കാം ഞാൻ,
ചായികിടത്തിയുറക്കാം ഞാൻ.

ചായികിടത്തിയുറക്കുംനേരം
ചന്തിക്കു താളംപിടിക്കാം ഞാൻ.

കഥയെന്താണിതു പാവക്കുട്ടീ.
കണ്ണുമിഴിച്ചു കിടപ്പോ നീ

മഴയുംകൊണ്ടു മലർന്നുംകൊണ്ടീ
മണ്ണി,ലിതെല്ലാം കേട്ടിട്ടും?

## പോക്കാച്ചികളോട്

'പേക്കോം പേക്കോം' കരയുന്നെന്തിനു
പോക്കാച്ചികളേ, ചൊൽവിൻ.
പെയ്തതു പോരാ പേമഴയെന്നോ
പെയ്യരുതെന്നോ സാരം?

കരച്ചിൽമൂലം ശ്വാസംമുട്ടി–
ത്തുറിച്ചുപൊട്ടാറായീ
കുണ്ടൻപള്ളകളയ്യോ കഷ്ടം,
കണ്ടാൽ പാവം തോന്നും!

കരച്ചിലല്ലിതു പാട്ടാണെന്നോ
ധരിച്ചിടേണ്ടു ഞങ്ങൾ?
കരച്ചിലെന്നാലിതിനെക്കാളും
കുറച്ചെളുപ്പം തന്നെ!

## പനിനീർപ്പൂവിനോട്

ചിരിതൂവീടും നിന്നുടെ വദനം
സ്മരണയിൽ വിടരുംവരെയും
പായിൽത്തന്നെ കിടന്നൂ പുത്തൻ
പനിനീർപ്പൂവേ, ഞങ്ങൾ

കനിവൂറും കൈവിരലാൽ ഞങ്ങടെ
കവിളിൽത്തഴുകീ ശുക്രൻ:
ചെറുചൂടെരിയും നൂറു നഖത്താ–
ലരുണൻ കുത്തിയിളക്കീ

കൂവിവിളിച്ചു നാലുപുറത്തെ–
പ്പൂവൻകോഴികളെല്ലാം
കഥയില്ലാതെ വിളിച്ചു കരഞ്ഞു
കാകന്മാരും: പക്ഷേ,

ചിരിതൂവീടും നിന്നുടെ വദനം
സ്മരണയിൽ വിടരും വരെയും
പായിൽത്തന്നെ കിടന്നൂ പുത്തൻ
പനിനീർപ്പൂവേ, ഞങ്ങൾ!

## അമ്പിളിയമ്മാമനോട്

അമ്പിളിയമ്മാമാ, നീയെ–
ന്തന്തിയുറങ്ങാത്തൂ?
പുലരാറായല്ലോ, മാനം
തെളിയാറായല്ലോ!

പകലെയുറങ്ങുന്നുണ്ട,ല്ലേ
പതിവായമ്മാമൻ?
ഇത്തൊഴിൽ നന്നല്ല, മ്മാമാ,
പിത്തം വർദ്ധിക്കും.

മറുപടി പറയാതെ പുഞ്ചിരി
ചൊരിയുന്നെന്തേ നീ?
കേൾക്കാൻ ചെവിയില്ലേ, അല്ലാ,
കേട്ടാൽ തിരിയില്ലേ?

## കടലിനോട്

തിരകളുയർത്തും കടലേ, ആടൂ,
തിരകൾ വിടർത്തും കടലേ,
പത്തികളായിരമായിരമുള്ളോ–
രുത്തമസർപ്പം പോലെ!

കുട്ടികളാകും ഞങ്ങടെ കരളിൽ
കുഴലൂതീടും കണ്ണൻ
പത്തികൾതോറും നൃത്തംവെയ്ക്കാൻ
പാഞ്ഞുവരുന്നൂ ചാലേ.

അവന്റെ നൃത്തത്താലേ നീളെയൊ–
രാശ്വാസം കളിയാടും:
അനന്തമോക്ഷം പൂകീടും നീ
അവന്റെ നൃത്തത്താലേ.

## അരിപ്രാവിനോട്

കുപ്പച്ചണ്ടികൾ കൊത്തിത്തിന്നാൻ
കുറുകിനടക്കുമരിപ്രാവേ,
നാളെ വരാമോ ഞങ്ങടെ വീട്ടിൽ
നടാടെയൊന്നു വിരുന്നുണ്ണാൻ?

ഓഹോ കാര്യമറിഞ്ഞില്ലേ,
ദേഹണ്ഡപ്പുര കണ്ടില്ലേ?
നാളെ രാവിലെ വലിയോപ്പോളുടെ
താലികെട്ടിൻ സുമുഹൂർത്തം!

പല നേരമ്പോക്കുണ്ടാവും:
പാലട, ശർക്കരയുപ്പേരി,
'തരികിട ധിമിതോം' തകിലടി, പിന്നെ–
പ്പെരപെരപെപ്പേ' കുഴലൂത്തും.

കുപ്പച്ചണ്ടികൾ കൊത്തിത്തിന്നാൻ
കുറുകിനടക്കുമരിപ്രാവേ,
പറഞ്ഞുതീരുംമുമ്പേ ദൂരെ–
പ്പറന്നുപോകാനെന്തേ നീ?

## പാറ്റകളോട്

തീയിൽ ചാടി മരിക്കാനോ, തീ
തിന്നാമെന്നു നിനച്ചിട്ടോ,
തീയിനുനേരെ കൂട്ടത്തോടെ
പായുന്നൂ ചെറുപാറ്റകളേ?
തീയിൽച്ചാടി മരിക്കാൻ മാത്രം
തിന്മകളുണ്ടോ ലോകത്തിൽ?
പൊട്ടിവിടർന്നപ്പോഴേക്കെങ്ങനെ
പറ്റിപ്പോയീ നൈരാശ്യം?
തിന്നാനുള്ളതുതാനിക്കത്തും
തീയെന്നോർത്തിട്ടാണെങ്കിൽ,
നിങ്ങളൊടൊന്നും പറയാനില്ലിനി
നിഖിലേശ്വരനോടല്ലാതെ:
അറിവുണ്ടാകുംവരെയിനിയാർക്കും

ചിറകില്ലാതെയിരിക്കട്ടെ!

## തെക്കൻകാറ്റിനെപ്പറ്റി

തേടിത്തേടിക്കണ്ണു കടഞ്ഞിട്ടും
തെക്കൻകാറ്റിനെക്കണ്ടില്ല
തെമ്മാടിത്തം കാട്ടിനടക്കും
തെക്കൻകാറ്റിനെക്കണ്ടില്ല!

തല്ലുന്നു ഞങ്ങടെ കൊല്ലിക്കങ്ങോ–
രെല്ലിൽത്തൂശി കയറ്റുന്നു,
വെള്ളാരങ്കല്ലുകൾ മണ്ടയ്ക്കെറിയുന്നു,
തൊള്ളപൊളിച്ചു ചിലയ്ക്കുന്നു.

എന്നാലും ശരി തേടിച്ചെന്നപ്പോ–
ളെങ്ങും മൂപ്പരെക്കണ്ടില്ല
എന്തപ്പഹയനെച്ചെയ്തീടേണ്ടൂ,
എമ്മട്ടടക്കിനിറുത്തേണ്ടൂ?

തെക്കൻകാറ്റു വലിക്കും തേരിലി–
രിക്കും പോത്തൻ മഴക്കാറേ,
മാനത്തേക്കൊരു സാമൂരിപ്പാ–
ടാണെന്നോർത്തു മദിക്കും നീ
വേലക്കാരെ നിലയ്ക്കു നിറുത്താൻ
മേലാത്തവനായ്പ്പോയല്ലോ!

## വേതാളം

നീളെ നമ്മെപ്പിന്തുടരുന്നു
കാലമെന്നുള്ളൊരു വേതാളം

വായിലെരിയുന്നുണ്ടച്ചങ്ങാതി–
ക്കായിരമായിരം തീക്കുണ്ഡം

അച്ചങ്ങാതിതൻ വായ തുറക്കുമ്പോ–
ളുച്ചക്കൊടുംവെയിലുണ്ടാവും:

അച്ചങ്ങാതിതൻ വായ മുറുക്കുമ്പോ–
ളന്തിക്കൂരിരുളുണ്ടാവും;

അച്ചങ്ങാതി ചിരിക്കുംവേളയി–
ലാഴും നിലാവിലിബ്ഭൂഗോളം;

അച്ചങ്ങാതി കയർക്കും വേളയി–
ലാകാശങ്ങളിലിടിവെട്ടും

മാരിയവന്റെ വിയർപ്പാണത്രേ
ചീറും കാറ്റാണത്രേ നിശ്വാസം.

ആളുകളെന്നല്ല ഗോളങ്ങൾകൂടിയു–

മപ്പഹയന്നൊരു ചോറ്റുണ്ട.

എത്ര കഴിഞ്ഞാലും ചാവില്ലത്രേ
എന്തും വിഴുങ്ങുമാ വേതാളം.

നീളേ നമ്മെപ്പിന്തുടരുന്നു
നിഴൽപോലെന്നുമാ വേതാളം.

## തെരുവിൽ ഒരു നിമിഷം

കുമ്പ വരുന്നു, പാതയിലൂടൊരു
കുമ്പ തുളുമ്പിത്തുള്ളി വരുന്നു

കുമ്പയ്ക്കപ്പുറമാകാശത്തിരു–
കൊമ്പൻമീശ വിറച്ചീടുന്നു

കൊമ്പൻമീശയ്ക്കിത്തിരി മുകളിൽ–
ചെമ്പൻ മിഴികൾ തിളങ്ങീടുന്നു.

ഓഹോ, അവയുടെ പിന്നിലൊരാളു–
ണ്ടോർത്തീലക്കഥ നമ്മളിലാരും.

എങ്ങനെയോർക്കാൻ? നാമിതുവരെയ–
ച്ചങ്ങാതിയെ ഹാ കണ്ടീലല്ലോ!

കണ്ടതൊരീർക്കിലയല്ലെന്നവനെ–
ക്കണ്ടാലും നാം നിരൂപിക്കില്ല!

ഓഹോ, നമ്മുടെനേർക്കാപ്പഹയനൊ–
രോലോലൻചിരി തൂവുന്നല്ലോ!

കുഞ്ഞുങ്ങളൊടിവനലിവുണ്ടെന്നോ?
കുതുകംതാനിബ്ഭൂമിയിലാകെ!

## അച്ഛനും അമ്മയും

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ–

ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര–
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പുനിലാവുണ്ടായിത്തീരുന്ന–
തമ്മിഞ്ഞപ്പാലിൽനിന്നാണല്ലോ
അന്തിക്കു മാനത്തുമിന്നുന്ന നക്ഷത്ര–
മമ്മതൻ കണ്ണുനീരാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ–
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര–
ത്തഭിമാനത്തിന്നളവില്ല.

പുലർകാലത്തിളവെയിലൂറുന്നതച്ഛന്റെ

പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാ വെയിലിന്നു ചൂടുണ്ടായ്ത്തീരുന്ന–
തച്ഛന്റെ ചിന്തകൊണ്ടാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ–
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കുംനേര–
ത്തഭിമാനത്തിന്നളവില്ല.

## ആപത്തുണ്ട്

വല്യേടത്തീ, വല്യേടത്തീ,

വായ തൊറന്നു ചിരിക്കല്ലേ!

അകത്തു കേറിക്കൂടിയാലോ
ആൺകൊറ്റന്മാരാരാനും?

വല്യമ്മാമ വിറച്ചുംകൊണ്ടിരു–
വട്ടക്കണ്ണു, മിഴിക്കുലോ,

കൊട്ടാംവടിയും വീശിച്ചാടി–
ച്ചട്ടീംകലവുമുടയ്ക്കൂലോ, തല
വിട്ടത്തിമ്മലടിയ്ക്കൂലോ!

പല്ലില്ലാത്തൊരു വല്യമ്മായിടെ
തൊള്ള ചിരിച്ചു മലയ്ക്കൂലോ,

തല്ലിക്കേറ്റിയ വെറ്റിലടയ്ക്കക–
ളെല്ലാം കുത്തിയൊലിക്കൂലോ, അത്
നമ്മുടെ മേത്ത് തെറിക്കൂലോ!

വല്യേടത്തീ, വല്യേടത്തീ,
വായതുറന്നു ചിരിക്കല്ലേ!

അകത്തു കേറിക്കൂടിയാലോ
ആൺകൊറ്റന്മാരാരാനും?

## അക്കരപ്പച്ച

‘‘അക്കരെപ്പച്ചയു,ണ്ടക്കരെപ്പച്ചയു–

ണ്ടി,’’ക്കരെ നിൽപ്പവരോർക്കുന്നു:
അക്കരെച്ചെല്ലുമ്പോളക്കരെ നിൽപ്പവ–
രിക്കര പറ്റുവാൻ നോക്കുന്നു!

കാലത്തെപ്പോലെ കുതിച്ചുപോമാറ്റിന്റെ
കൂലങ്ങൾ വറ്റിവരണ്ടപ്പോൾ,
പച്ചിലക്കൂട്ടമുണങ്ങിക്കൊഴിഞ്ഞനാ–
ളുച്ചത്തീവെയ്‌ലു പരന്നപ്പോൾ,

ആടുമാടെന്നല്ല ജീവികളാകവേ
ചൂടുപൊറാഞ്ഞു പിടയ്ക്കുമ്പോൾ,
മാനവദൃഷ്ടിയിൽ കാണുന്നതൊക്കെയും

മഞ്ഞച്ചു വട്ടം കറങ്ങുമ്പോൾ.,

ചെമ്പരത്തിപ്പൂമിഴി തുറിച്ചാളുക–
ളമ്പരന്നന്യോന്യം നോക്കുമ്പോൾ,
നാവുവലിയും വലിച്ചലാലാളുകൾ–
ക്കാവില്ല മിണ്ടാനെന്നാവുമ്പോൾ.

‘‘അക്കരെപ്പച്ചയു,ണ്ടക്കരെപ്പച്ചയു–
ണ്ടി’’ക്കരെ നിൽപ്പവരോർക്കുന്നു;
അക്കരെച്ചെല്ലുമ്പോളക്കരെ നിൽപ്പവ–
രിക്കര പറ്റുവാൻ നോക്കുന്നൂ!

# ഊഞ്ഞാൽച്ചുവട്ടിൽ

**ക**ട്ടിലിലേറിദ്ദേഹം മുഴുവൻ

കമ്പിളി മൂടിയ മുത്തശ്ശി
മച്ചിന്നുള്ളിൽക്കതകും തഴുതി–
ട്ടൊച്ചയിൽ നമ്മെ വിളിക്കുന്നു:

‘‘അന്തിമയങ്ങീ: ഭഗവാനേ, വ–
യ്യെ.ന്തൊരു കുളിരാണിക്കൊല്ലം!
മഞ്ഞുണ്ടാവും, മുറ്റത്തുണ്ണികൾ
മണ്ടിനടന്നു കളിക്കൊല്ലേ!

നിങ്ങളൊടല്ലേ ഞാൻ പറയുന്നു?
നിങ്ങൾക്കാർക്കും ചെവിയില്ലേ?
നിങ്ങൾക്കൊന്നും കുളിരില്ലെന്നോ,
നിശ്ചയമില്ലാ കുളിരെന്നോ?
കല്ലോ മണ്ണോ മരമോ ദേഹം
കട്ടിയിരുമ്പോ കുട്ടികളേ?’’

കട്ടിലിലേറിദ്ദേഹം മുഴുവൻ
കമ്പിളി മൂടിയ മുത്തശ്ശി.
എന്തിന്നിങ്ങനെ കൂക്കിവിളിച്ചി–
ട്ടെന്തെല്ലാമോ പറയുന്നു?

എങ്ങനെയൊക്കെ വിളിച്ചാലും ശരി.
ഞങ്ങളൊരാളും മിണ്ടില്ല.
ഒരുകൊല്ലത്തിനകത്തീമാതിരി
തിരുവാതിര രണ്ടില്ലല്ലോ

ഓരോരുത്തരുമിന്നിപ്പോൾക്കൊതി
തീരുംവരെയൊന്നാടട്ടെ!
അല്ലെങ്കിൽക്കളിയൂഞ്ഞാൽ കെട്ടിയ
ചില്ലയുമെല്ലും മുറിയട്ടെ!

# കൂത്തുകാണാൻ

**അ**ല്ലിമലർക്കാവിൽ

കൂത്തുകാണാൻ പോയി
അഞ്ചു വയസ്സായോ–
രുണ്ണിയാം ഞാനേകൻ.

അച്ഛനോടും മിണ്ടീ–
ല,മ്മയോടും മിണ്ടീ–
ലന്തിയായനേരം
ഞാനിറങ്ങിപ്പോന്നു

കണ്ടവർ മുഴുവൻ
വന്നുകൂടി മുമ്പിൽ
കൊണ്ടുപിടിച്ചോരോ
ചോദ്യവുമായ് നിന്നു.

ചൂട്ടുകളെൻനേരെ
നീട്ടി നിന്നാരാഞ്ഞു:
''പോണതെങ്ങീപ്പട്ടു–
കോണവുമായുണ്ണി?''

ഒഴുകിടുന്ന വേർപ്പിൽ
നീന്തി നീന്തി നീന്തി
ഒടുവിൽ വന്നുചേർന്നു
പിന്നിൽനിന്നെന്നച്ഛൻ.

ആധികൊണ്ടെനിക്കു
കണ്ണുമഞ്ഞളിച്ചു;
ആളുകളോ, വട്ടം–
തിരികയായെൻ ചുറ്റും.

അപ്പൊഴേക്കും വാരി
അച്ഛനെന്നെപ്പുൽകി;
ചുണ്ടുകളാലെന്റെ
കണ്ണുനീർ തുടച്ചു

രണ്ടു നെഞ്ചിടിപ്പും
തെല്ലടങ്ങിയപ്പോൾ
കൊണ്ടുപോന്നാനെന്നെ
തലയിലെടുത്തച്ഛൻ.

വന്നുചേർന്നതെന്നാൽ
വിട്ടിലല്ലാ ഞങ്ങൾ
അല്ലിമലർക്കാവിൽ
കൂത്തുമാടത്തിങ്കൽ!

## അമ്മിഞ്ഞപ്പാല്

ഇന്ത്യയിലെശ്ശിശു പാടി–
അമ്മിഞ്ഞപ്പാലൊഴുകും ചുണ്ടാ–
ലിന്ത്യയിലെശ്ശിശു പാടീ;

''കനകം വിളയും രാജ്യം–

നവരത്നങ്ങളൊടൊപ്പം തന്നെ
കനകം വിളയും രാജ്യം.

കാടുനിറഞ്ഞൊരു രാജ്യം–
ചിന്നംവിളിയോടാനകളലയും
കാടുനിറഞ്ഞൊരു രാജ്യം.

കുറവന്മാരുടെ രാജ്യം–
ഫണികളെ മെല്ലെ മയക്കിയിണക്കും
കുറവന്മാരുടെ രാജ്യം.

മാന്ത്രികർ വാഴും രാജ്യം–
കുട്ടിച്ചാത്തരെ നേരെ നടത്തും
മാന്ത്രികർ വാഴും രാജ്യം.

അഭിമാനിപ്പൂ പക്ഷേ–
അതിലൊന്നിലുമല്ലെന്നുടെ കരളി–
ന്നഭിമാനിപ്പു പക്ഷേ.

അറിവേനല്ലോ തത്ത്വം–
അത്ഭുതവികസിത ദൃഷ്ടികളോടി–
ന്നറിവേനല്ലോ തത്ത്വം.''

ഇന്ത്യയിലെശ്ശിശു പാടി.
അമ്മിഞ്ഞപ്പാലൊഴുകും ചുണ്ടാ–
ലിന്ത്യയിലെ ശ്ശിശു പാടി.

''താടിക്കാരുടെ രാജ്യം–
എന്റേതാകാശം ഹൃദി പുണും
താടിക്കാരുടെ രാജ്യം.

ത്യാഗോജ്ജ്വരുടെ രാജ്യം–
എന്റേതുലകിനെ മുഴുവൻ തഴുകും
ത്യാഗോജ്ജ്വലരുടെ രാജ്യം.

കർമ്മവ്രതരുടെ രാജ്യം
എന്റേതപരസുഖം നിജസുഖമാം
കർമ്മവ്രതരുടെ രാജ്യം.

വളർന്നു ഞാനീ മണ്ണിൽ–
പുഞ്ചിരിപൊഴിയും ചുണ്ടുകളോടെ
വളർന്നു ഞാനീ മണ്ണിൽ.

പ്രതിജ്ഞചെയ്തീടുന്നു–
പൈതൃകമഹിമ പുലർത്തും ഞാനും––
പ്രതിജ്ഞചെയ്തിടുന്നു.''

ഇന്ത്യയിലെശ്ശിശു പാടീ–
അമ്മിഞ്ഞപ്പാലൊഴുകും ചുണ്ടാ–
ലിന്ത്യയിലെശ്ശിശു പാടി.

''ഉടക്കിടുന്നു നിന്നെ–
ഒരശ്രുകണമാം ഭുവേ, ഹൃദി ഞാ–
നുടക്കിടുന്നു നിന്നെ.

മനുഷ്യവർഗ്ഗപ്രേമം–
എന്റെ മതം ദൃഢമൊന്നേ കേവല–
മനുഷ്യവർഗ്ഗപ്രേമം.

വലിച്ചുകീറും നാളെ–
പല നിറമിഴുകിയ ഭൂപടമീ ഞാൻ.
വലിച്ചുകീറും നാളെ.

## തളിരും പൂവും നെഹ്റുവും

നെഹ്റു മരിച്ചാനൊടുവിൽ,പ്പക്ഷേ
നെഹ്റു വസിച്ച ഗൃഹത്തിങ്കൽ
പിറ്റേന്നാളും പനിനീർച്ചെടിയിൽ
ചെറ്റൊരു ചെന്തളിരുണ്ടായി.

എന്നല്ല,ത്തളിരപ്പോഴേക്കും
തന്നുടെയരികെ കണ്ടെത്തീ
അഴകേറുന്നൊരു പൂവിനെ,യപ്പു–
വകത്തുപേറും വ്യസനത്തെ

കാറ്റടിയേല്ക്കെത്തളിരാപ്പൂവിൻ
കാതിനു മുട്ടിച്ചോദിച്ചു:
''മലരേ, മലരേ, നീയെന്തിങ്ങനെ
തലയും താഴ്ത്തിക്കേഴുന്നു?''

ഇതളുകൾ വാടിക്കൊഴിയും പൂവതി–
നിങ്ങനെ മറുപടി പറയുന്നു:
''നീയെന്തറിവു തളിരേ, ഹാ,പോയ്–
പ്പോയീ നമ്മുടെ യജമാനൻ.

ഉണ്ടീ ഭൂമിയിലെങ്ങാനും താ–
നൂയിരോടിപ്പോളെന്നാകിൽ
നലമേറുന്നൊരു പുഞ്ചിരിമാതിരി
നമ്മെക്കാണാൻ വന്നേനേ!

വാരിയെടുത്തിട്ടെന്നെത്തൻ തിരു–
മാറിലുടുപ്പിലണിഞ്ഞേനേ!
എന്തു മിനുപ്പാണാക്കൈവെള്ള
യ്ക്കെന്തു തുടുപ്പാണറിയാമോ?''

പൂവു പറഞ്ഞതു കേൾക്കെത്തളിരും
പുളകംകൊണ്ടൂ മിണ്ടാതെ
ഒടുവിൽച്ചൊല്ലീ തന്നോടായി–
ട്ടൊ,ട്ടാപ്പൂവിനൊടായിട്ടും

''പൂവിതൾപോലെ മിനുത്തുതുടുത്തിരു–
കൈവിരലാലാ യജമാനൻ
നിന്നെയറുക്കുംവേളയിലോർക്കാ–
തെന്നെക്കൂടിത്തൊട്ടേനേ!''

## ഇടയൻ

ഒരു പയ്യെവിടെപ്പോയെ–
ന്നറിയുന്നില്ലാ തീരെ,

തെല്ലിട പൂത്താങ്കോലുകളിച്ചതു
പൊല്ലാപ്പായിത്തീർന്നു!

അന്തിപ്പൊന്നൊളി മാഞ്ഞു,
അമ്പിളി വന്നുകഴിഞ്ഞു,
അയൽപക്കത്തുള്ളാളുകളെല്ലാം
അത്താഴത്തിനിരുന്നു.

അമ്പലനടയും പൂട്ടി,
അങ്ങാടികളും പൂട്ടി,
വഴിയേ പോകും ചന്തക്കാരുടെ
വായിലെ നാവും പൂട്ടി.

അകലത്തമ്മ വിളിപ്പൂ,
ആ വിളിയിവിടെക്കേൾപ്പൂ:
''പയ്ക്കളൊടൊന്നിച്ചെവിടെപ്പോയ് നീ.
പൈയ്ക്കുന്നില്ലേ മോനേ!''

ഒരു പയ്യെവിടെപ്പോയെ–
ന്നറിയുന്നില്ലാ തീരെ
തെല്ലിട പൂത്താങ്കോലുകളിച്ചതു
പൊല്ലാപ്പായിത്തീർന്നു!

# കാട്ടാളനും മനുഷ്യനും

**പൂ**ട്ടില്ലാത്തൊരു വീട്ടിൽക്കയറി–
ക്കാട്ടാളൻ കുടിപാർപ്പായി.
കതകാ വിദ്വാൻ കൊട്ടിയടച്ചു,
കരുതലൊടുള്ളിൽത്തഴുതിട്ടു.

ദിക്കുകളൊക്കെ നടുങ്ങുംമാതിരി
കൂർക്കംവലിയും കേൾക്കായി.
വന്നുവിളിച്ചൂ വീട്ടുടമസ്ഥൻ,
വാതിൽപ്പലകയനങ്ങീല.

നാടൊട്ടാകെക്കൂക്കിവിളിച്ചു,
കാടൻമാത്രമുണർന്നില്ല!
''തീയിലെരിച്ചീടേണം വീടെ''–
ന്നായി നാട്ടാരെല്ലാരും

വീട്ടുടമസ്ഥൻ ചൊല്ലി, ''വേണ്ടാ–
കാട്ടിൽത്തെണ്ടിനടന്നോളാം.
കാട്ടിൽ വസിക്കാൻ കഴിവില്ലെന്നാ–
ലാറ്റിൽച്ചാടി മരിച്ചോളാം.''

# കാക്കയും കുയിലും

**വ**ണ്ടൊരു കാക്ക കുയിലിന്റെ കൂട്ടിൽപ്പോയ്

ശ്ശണ്ഠ തുടങ്ങിയതിപ്രകാരം:

''അങ്ങേതിലിങ്ങേതിൽ പാർക്കുന്നോരായിട്ടും
ഇങ്ങനെ ചെയ്തല്ലോ കഷ്ടമേ നീ;

ഞാനില്ലാത്തപ്പോൾക്കടന്നുവന്നെൻ കൂട്ടിൽ
നീ നിന്റെ മുട്ടയിടുകമൂലം

ഏറെപ്പണിപ്പെട്ടതു ഞാൻ വിരിയിച്ചേ–
നെന്റെയാണെന്ന വിചാരത്തോടെ.

കഷ്ടിച്ചു പാറിപ്പറക്കാമെന്നായപ്പോൾ
ദുഷ്ടരിൽദ്ദുഷ്ടനാം നിന്റെ ചെക്കൻ

എന്നുണ്ണിതൻ തലമണ്ട കൊത്തിപ്പൊളി–
ച്ചിന്നകലേക്കു പറന്നുപോയി.''

കാക്കമാതാവിന്റെ സങ്കടം കേട്ടപ്പോൾ
ആക്കുയിലമ്മയ്ക്കു പാട്ടുവന്നു:

''കീ കീ കീ കൂകൂകൂ കീകീകീ കൂകൂകൂ
കൂകി കൂകി കൂകീ കൂകീ കൂകീ:''

സങ്കടത്തോടെ മടങ്ങിയ കാക്കതൻ
ചങ്കിൽനിന്നീ വാക്കുതിർന്നുവീണു

''നാണവും മാനവുമില്ലാത്തവരോടു
ഞാനെന്തു ചൊല്ലിയിട്ടെന്തു കാര്യം!''

# പൂശാരിരാമൻ

കാശിക്കുപോയൊരു പൂശാരിരാമനെ–

ക്കാശിയിലെങ്ങും കണ്ടില്ല!

പോയ വഴിയിലും കണ്ടില്ല, ഞങ്ങൾ
പോന്നവഴിയിലും കണ്ടില്ല.

മീശവളർത്തിയ പൂശാരിരാമനെ–
ക്കീശയിൽക്കാശുള്ള പൂശാരിരാമനെ

വാശിക്കുടുക്കയാം പൂശാരിരാമനെ
ദോശ വിഴുങ്ങുന്ന പൂശാരിരാമനെ

കാശിക്കു പോയൊരു പൂശാരിരാമനെ–
ക്കാശിയിലെങ്ങും കണ്ടില്ല.

പോയ വഴിയിലും കണ്ടില്ല, ഞങ്ങൾ
പോന്ന വഴിയിലും കണ്ടില്ല.

കാശിക്കല്ലവൻ പോയതെന്നുണ്ടോ,
കാശിയിൽനിന്നും പോയെന്നുണ്ടോ.

കാശിക്കേ പോയിട്ടില്ലെന്നുണ്ടോ.
കാശി തൻ ബന്ധുവീടാണെന്നുണ്ടോ?

കാശിക്കു പോയൊരു പൂശാരിരാമനെ

ക്കാശിയിലെങ്ങും കണ്ടില്ല.

പോയ വഴിയിലും കണ്ടില്ല, ഞങ്ങൾ
പോന്ന വഴിയിലും കണ്ടില്ല.

## കോരപ്പന്റെ മൗനം

വരുതുമഴ പെയ്തു തണുത്തൊരു രാവിൽ
കൊതുകടിയേറ്റൂ കോരപ്പൻ.

കടിയേറ്റപ്പോൾ, സത്യം പറയാം
കുടലുംകൂടി വിറക്കൊണ്ടു

കരഞ്ഞുപോയവനുടനേ, പിന്നെ
കരഞ്ഞതാരെന്നൂഹിച്ചു.

തൊട്ടരികത്തൊരു നിലവിളി കേൾക്കെ-
ക്കുട്ടികൾ ഞെട്ടിയുണർന്നല്ലോ;

കുട്ടികൾ കൂട്ടിയ ബഹളംമൂലം
കെട്ടിയ പെണ്ണുമുണർന്നല്ലോ:

''ഇത്തിരിപോന്നൊരു കൊതുമൂളിയതി-
ന്നിങ്ങനെയെല്ലാമായാലോ!''

കെട്ടിയപെണ്ണിന്നങ്കക്കലിയാൽ
കഷ്ടപ്പെട്ടൂ കോരപ്പൻ:

കഷ്ടപ്പാടു പൊറുക്കാഞ്ഞൊടുവിൽ
കൊട്ടോടിയുമായെഴുനേറ്റു:

''ഏട്ഠേ, കഴുതേ, എരുമപ്പെണ്ണേ,
മുട്ഠാളത്തീ, മൂശേട്ടേ!''

അന്തംവിട്ടു വിളക്കുകൊളുത്തീ
അയലത്തുള്ളവരെപ്പേരും:

''എന്താണവിടെബ്ബഹളം?'' ചൂട്ടും
പന്തവുമായവർ വന്നെത്തീ:

''കള്ളൻ കയറി വീട്ടിന്നുള്ളി,ല-
തല്ലേ കാര്യം, കോരപ്പാ?''

മടവാളുകളും കോടാലികളും
വടികളുമോങ്ങിദ്ദയയോടെ

നിന്നുവിളിക്കുമയൽക്കാരോടെ-
ന്തൊന്നുരിയാടും കോരപ്പൻ?

കൊതുകടിയേറ്റതു മിണ്ടാൻ നന്നോ!
ഗതികേടായി ചുരുക്കത്തിൽ!

വായമുറുക്കിയടച്ചദ്ദേഹം
പായിലിരുന്നു വിയർക്കുമ്പോൾ

കൂട്ടത്തോടെയുയർന്നു ചുറ്റും

കൂർക്കംവലികളൊരീണത്തിൽ

കടകോലിന്മേൽ തുടിയിന്മേലും
കയറുകളുരയും ചേലോടെ.

''എന്നാൽക്കൂവിയതൊടിയന്മാരാ–
ണെന്നുള്ളതിലില്ലാക്ഷേപം,''

എന്നൊരുറപ്പൊടുകൂടിയയൽക്കാർ
വന്നവഴിക്കേ പോയപ്പോൾ

ഊരിച്ചാടീ ചങ്കിൽക്കൂടി–
ക്കോരപ്പന്നൊരു നിശ്വാസം!

ഉടനവനൊരുപൊരുൾ കണ്ടുപിടിച്ചു,
ചൊടികളതിങ്ങനെ മന്ത്രിച്ചു

''എന്തൊരടക്കം കെട്ടിയവൾക്കുട–
നെന്തൊരടക്കം മക്കൾക്കും!''

കിളുകിളെയപ്പോളൊരുചിരി തൂകി
വളയിൽത്തൂങ്ങിടുമുറിപോലും!

## കോവർക്കഴുത സംസാരിക്കുന്നു

**കു**തിരയെന്നുണ്ടൊരു ജീവി പിന്നെ
കഴുതയെന്നുണ്ടൊരു ജീവി

അതുരണ്ടുമൊന്നായ്ച്ചമഞ്ഞാൽ കോവർ–
ക്കഴുതയെന്നുള്ളൊരു ജീവി.

ദൈവഗതികൊണ്ടു ഞാൻ പിറന്ന
താ വിഭാഗത്തിലായ്പ്പോയി.

കഴുതയെപ്പോലെ വിഴുപ്പും ഭേസി
കവലതോറും ഞാൻ നടന്നു.

കുതിരയെപ്പോലെ മനുഷ്യന്മാരെ
മുതുകത്തിരുത്തിപ്പറന്നു;

കന്നിനെപ്പോലെ മനുഷ്യർക്കായി
കണ്ടങ്ങൾ പൂട്ടിത്തളർന്നു.

എന്തുചെയ്തിട്ടെന്തുകാര്യം ലോകർ–
ക്കെന്നോടില്ലിത്തിരി സ്നേഹം:

പല്ലുകാണിച്ചിളിച്ചെന്നെച്ചൂണ്ടി–
ച്ചൊല്ലുമാറുണ്ടവർതമ്മിൽ:

''കോവർക്കഴുത വരുന്നു ഒരു
കോവർക്കഴുത വരുന്നു.''

എന്തുമാവട്ടെ,ഞാൻ നിങ്ങൾക്കായി–
ട്ടെന്നാൽ കഴിവതു ചെയ്യും;

ചാവുംവരെബ്ഭവാന്മാരെപ്പറ്റി

നാവിട്ടടിക്കയുമില്ല.

തിന്നാൻ തരുന്നവരല്ലോ നിങ്ങ–
ളെന്നതുതന്നെയെൻ ഞായം.

നന്ദികേടിത്ര പെരുത്താൽ പക്ഷേ,
നന്നല്ല മാനുഷന്മാരേ!

പൂർവ്വജന്മത്തിലെപ്പുണ്യം കൊണ്ടു
കൈവന്ന മാനുഷജന്മം

നിർമ്മരിയാദംകൊണ്ടയ്യോ നിങ്ങൾ
നിഷ്ഫലമാക്കുകയല്ലേ?

നിങ്ങൾക്കറികയില്ലെന്നുൾക്കാമ്പിൽ
തിങ്ങി വളർന്നിടും ഖേദം!

ചോദിച്ചു വാങ്ങിയതല്ല, കണ്ടു
ബോധിച്ചെടുത്തതുമല്ല

നാളെ ഞാൻ വീണു മരിക്കും നേരം
നാറിദ്രവിക്കുമീ ദേഹം.

ഈശ്വരപ്രാർത്ഥനയായിട്ടെനി–
ക്കിത്രയേ ചൊല്ലുവാനുള്ളു:

എന്തുവന്നാലും ജനിപ്പിച്ചീടായ്–
കെന്നിൽനിന്നീശ്വരനെന്നും

മറ്റൊരു കോവർക്കഴുതയായി–
മറ്റൊരു ജീവനെപ്പാരിൽ!

# മീശ വരാഞ്ഞിട്ട്

വത്തുപിറന്നാളുണ്ടുകഴിഞ്ഞിട്ടും

പപ്പന്നു മീശ മുളച്ചില്ല.
കണ്ണീരാൽപ്പപ്പനു കാണാതായി
കൈയിലിരിക്കും കണ്ണാടി!

അന്നുണ്ടില്ലവനത്താഴം രാവിൽ–
ക്കണ്ണിന്റെ പോളയടച്ചില്ല
ചോദിച്ച ചോദ്യത്തിനൊന്നും പപ്പൻ
ചൊല്ലീലുത്തരമാരോടും.

ചുണ്ടുപിളർത്തുംമുമ്പേ കണ്ണിൽ
തിണ്ടാടുന്നു പുഴവെള്ളം;
കുത്തിയൊലിച്ചിടുമപ്പുഴവെള്ളത്തി–
ലുത്തരം മുങ്ങിപ്പോവുന്നു!

എന്താണു പുത്രന്റെ സങ്കടകാരണ–
മെന്നറിയാതെ പരുങ്ങുന്നു
അച്ഛനുമമ്മയും മാത്രമല്ലാ വീട്ടിൻ
മച്ചിലെത്തേവരും വല്ലാതേ.

അങ്ങനെയെല്ലാമിരിക്കെപ്പിന്നെയു–
മാദിത്യദേവനുദിക്കുന്നു
നേരം വെളുക്കേണ്ടതാമസം, ജ്യോതിഷ–
ക്കാരനും വൈദ്യനുമെത്തുന്നു.

കവിടികളെല്ലാമുരുട്ടിക്കഴിഞ്ഞിട്ടും
കണിയാർക്കൊന്നും തിരിഞ്ഞില്ല
നാവിന്മേൽക്കൂടിത്തിരഞ്ഞിട്ടും വൈദ്യർക്കു
നാവൊന്നനക്കാൻ  കഴിഞ്ഞില്ല!

ചോദിക്കുന്നൂ വന്നവർ വന്നവർ
''ഖേദിപ്പതെന്തിനു പപ്പാ നീ?''
ഉണ്ടപോൽപ്പൊങ്ങുന്ന വാക്കിനാൽപ്പപ്പന്റെ
ചുണ്ടുകളൊടുവിൽപ്പിളരുന്നു:

''മൂക്കിന്നുതാഴത്തു കുത്തിവരച്ചു ഞാൻ
പാഴ്ക്കരിക്കട്ടയാലിന്നോളം
ഇന്നുവരും മീശ നാളെ വരും മീശ–
യെന്നു നിനച്ചുകൊണ്ടെന്നിട്ടോ?

ചോരപൊടിയുമ്പോളുള്ളൊരാ വല്ലാത്ത
നീറലുമാത്രമെൻ സമ്പാദ്യം.
പത്തുപിറന്നാളുണ്ടിട്ടും കൂട്ടരേ,
പപ്പനൊരാണായ്ത്തീർന്നില്ല!''

പൊട്ടിച്ചിരിച്ചുപോയാളുകൾ, ''പപ്പാ,
ബദ്ധപ്പെട്ടാലാവില്ല;
ആശിച്ചതുകൊണ്ടാർക്കും ഭൂമിയിൽ
മീശമുളച്ചീലിന്നോളം!''

# ആനിയും കാളിയും

ചങ്ങലത്താളം കിലുക്കിവന്നു ഗജം
ഞങ്ങൾതൻ നാട്ടിലെച്ചെത്തിലൂടെ.

അങ്ങേതിലിങ്ങേതിൽ പാർക്കുന്ന കുട്ടികൾ
ഞങ്ങളുടനെ നിരത്തിലെത്തി.

കൈയൂക്കൊരാളൊടും കാട്ടുവാൻ നിൽക്കാതെ
കഷ്ടമക്കൊമ്പൻ നടന്നകന്നു.

എന്നാലുമാനയെക്കാണുവാൻ വന്നവ–
രേവരുമാർത്തു ചിരിച്ചുതുള്ളി

ആർപ്പും ചിരിയും നടക്കവേ, കാളി ചെ–
ന്നാനിതൻ കാതിലൊരട്ടഹാസം:

''ആനിയെന്നുള്ളതിന്നർത്ഥമെന്താണെന്നോ?
ആനവർഗ്ഗത്തിൽപ്പെണ്ണെന്നുതന്നെ!''

പെട്ടെന്നു ദുഃഖത്താലാനിക്കും ഭാവന
പൊട്ടിവിടർന്നുപോയത്യുച്ചത്തിൽ:

‘‘കാളിയെന്നുള്ളതിന്നർത്ഥം പറയും ഞാൻ
കാളവർഗ്ഗത്തിൽപ്പെണ്ണെന്നുതന്നെ!’’

പൊത്തിപ്പിടിക്കുന്നു, മാന്തിപ്പൊളിക്കുന്നു
ചെത്തിൽവെച്ചന്യോന്യം രണ്ടുപേരും:

മുതുകത്തു ചാടിപ്പിടിച്ചു കടിക്കുന്നു,
മുടിയിൽപ്പിടിച്ചു വലിച്ചിടുന്നു:

കലികൊണ്ടുനില്ക്കുന്നു രണ്ടുപേരും, കണ്ണീ–
രൊലികൊണ്ടുടുപ്പു നനഞ്ഞിടുന്നു:

അങ്ങിങ്ങവരെപ്പിടിച്ചകറ്റാൻ പാഴിൽ
ഞങ്ങളെല്ലാരും പണിപ്പെടുന്നു.

അപ്പൊഴും തമ്മിലടിപിടിതന്നെയാ–
ണാനിയും കാളിയുമിത്തരത്തിൽ!

‘‘ഇനിയും പറയും ഞാൻ, ആരാരെതിർത്താലു–
മിനിയും പറയും ഞാൻ, കേട്ടുകൊൾവിൻ.

കാളിയെന്നുള്ളതിന്നർത്ഥം യഥാർത്ഥത്തിൽ
കാളവർഗ്ഗത്തിൽപെണ്ണെന്നുതന്നെ!’’

‘‘ഇനിയും പറയും ഞാൻ, ആരാരെതിർത്താലു
മിനിയും പറയും ഞാൻ, കേട്ടുകൊൾവിൻ

ആനിയെന്നുള്ളതിന്നർത്ഥം യഥാർത്ഥത്തിൽ
ആനവർഗ്ഗത്തിൽപ്പെണ്ണെന്നുതന്നെ!’’

ൗൗൗ

ഈശ്വരാധീനംകൊണ്ടപ്പൊഴേക്കാവഴി–
ക്കീറപിടിച്ചൊരു കാളവന്നു.

ഉള്ള കയ്യൂക്കു മുഴുവൻ പുറത്തെടു–
ത്തുഗ്രനായോടിപ്പിടഞ്ഞുവന്നു

കാള വന്നെത്തേണ്ടതാമസം, സർവരും
കാണുന്നിടത്തേക്കു പാഞ്ഞുപോയി.

ആനിയും കാളിയും പക്കത്തുനിൽപ്പുള്ളൊ–
രാലിന്റെ പൊത്തിലൊളിച്ചിരിപ്പായ്

മാറോടുമാറുപുണർന്നുകൊണ്ടൊ,ട്ടേറെ
നേരം ശ്വസിക്കാൻ മറന്നുകൊണ്ടും.

# അമ്പലപ്പുഴ പാൽപ്പായസം

**അ**മ്പലപ്പുഴപ്പാൽപ്പായസത്തിൽ വീ–

ണമ്പതുകുറി മൃത്യുവരിച്ചവൻ.

കുമ്പളങ്ങയെപ്പോലെ നരച്ചവൻ,
കുമ്പ മത്തങ്ങപോലെ തുറിച്ചവൻ,

വായിലെപ്പൊഴും പണ്ടു താൻ ഘാസിയ

പായസം മധുരിച്ചു ചിരിപ്പവൻ,

അച്ചിരികൊണ്ടു രണ്ടു ചെവികളു–
മെച്ചിലായവൻ വെല്ലുവിളിക്കുന്നു:

‘‘അമ്പലപ്പുഴപ്പാൽപ്പായസമെന്നൊ–
രൊമ്പതക്ഷരമൊട്ടും ചിരിക്കാതെ

ചൊല്ലുവാൻ കഴിയുന്നവർക്കീ വെള്ളി–
ച്ചെല്ലം,’’ ഉണ്ണികൾ പൊട്ടിച്ചിരിക്കുന്നു

ഉദ്യമിക്കാതിരുന്നില്ല ഞങ്ങളാ
വിദ്യയൊന്നു പരീക്ഷിച്ചുനോക്കുവാൻ

‘‘അമ്പലപ്പുഴപ്പാ’’ലെന്നു ചൊല്ലിടും
മുമ്പു പക്ഷേ, ചിരിച്ചുപോയൊന്നാമൻ

‘‘അമ്പലപ്പുഴ’’യോളവുമെത്തിയി–
ല്ലന്യർ, ചെല്ലം കിടച്ചില്ലൊരുത്തനും.

കാലമേറെക്കഴിഞ്ഞുപോയ്, അദ്ദേഹം
കാലനൂരെത്തി വിശ്രമം കൊൾകയായ്.

അമ്പലപ്പുഴെപ്പാൽപ്പായസത്തിന്റെ–
യൊമ്പതക്ഷരം കാതിൽപ്പതിക്കവേ

ഇന്നുമോർക്കും ചിരിക്കുമാവൃദ്ധനെ:
കണ്ണുനീരെന്തിനപ്പൊഴേക്കൂറുന്നു?

# കാഷ്യുനൊന്ന്

**അ**ണ്ടിപ്പരിപ്പിതാ! നീട്ടിപ്പിടിച്ചുകൊ–

ണ്ടല്ലോ വരുന്നതിന്നച്ഛൻ:

ഉണ്ണിക്കു കണ്ണിലും നാവിൻകടയ്ക്കലു–
മുത്സവമോളം തുളുമ്പി

അച്ഛനുമമ്മയ്ക്കുമോപ്പോൾക്കുമേട്ടനു–
മാട്ടിൻകിടാവിനുംകൂടി

വാരിക്കൊടുക്കുന്നതിന്നിടയിൽ തന്റെ
വായിലും വേണ്ടതിലേറെ

പോക്കിനാനണ്ടിപ്പരിപ്പവൻ, അച്ഛനോ
നോക്കിനിന്നാ രസം കണ്ടൂ.

അപ്പൊഴേക്കുണ്ണിക്കൊരാഗ്രഹം ഓടിച്ചെ–
ന്നച്ഛന്റെനേർക്കൊരു ചോദ്യം:

‘‘ഇപ്പോൾപ്പറയണം അണ്ടിപ്പരിപ്പിനെ–
ന്തിംഗ്ളീഷിലുള്ള പേരച്ഛാ?’’

അച്ഛനപ്പോളൊന്നു പൊട്ടിച്ചിരിച്ചുകൊ–
ണ്ടിച്ഛയാ ചൊല്ലിക്കൊടുത്തു:

‘‘കാഷ്യൂനട്ടെന്നാണു പേരതുണ്ടാകുവാൻ

കാരണമുണ്ടതും കേൾക്കൂ.

കപ്പലിൽനിന്നു കരയ്ക്കിറങ്ങി പണ്ടു
കപ്പിത്താനിംഗ്ളീഷുകാരൻ

അണ്ടിപ്പരിപ്പു, വിലയ്ക്കു വിൽക്കുന്നൊരു
ചണ്ടിച്ചെറുക്കനെക്കണ്ടു.

എന്താണീ വിൽക്കുന്ന ഭക്ഷണസാധന–
മെന്നു മനസ്സിലാവാതെ

നില്ക്കുന്ന കപ്പിത്താനാരാഞ്ഞു 'വാട്ടീസ് ദിസ്?'
ചെക്കൻ പരുങ്ങലിലായി.

എങ്കിലും 'കാശിനെട്ടെ'ന്നു മറുപടി
ശങ്കിച്ചുകൊണ്ടവൻ ചൊൽകെ

'കാഷ്യുനട്ടെ'ന്നേറ്റുചെല്ലിയക്കപ്പിത്താൻ
കാശു കൊടുത്തതു വാങ്ങി.''

ഇഷ്ടമായുണ്ണിക്കു സംഭവം കാണുന്ന
മറ്റുള്ളവരോടു സർവം

വിസ്തരിച്ചീടുകയായവൻ നൂതന–
വിജ്ഞാനമത്ഭുതപൂർവം.

പിന്നെത്തിരിച്ചു പുതിയൊരു സംശയം
തന്നച്ഛനോടു പറയാൻ.

''അച്ഛൻ പറഞ്ഞപോലെങ്കിൽത്തിരുത്തണ–
മണ്ടിപ്പരിപ്പിൻ പേരിപ്പോൾ

കാശിനൊന്നാണിപ്പോൾ മാർക്കറ്റിലാകയാൽ
'കാഷ്യുനൊന്നെ'ന്നു പറയാം.''

പൊട്ടിച്ചിരിക്കയല്ലച്ഛനപ്പോൾ ചെയ്തു
കുട്ടിയെപ്പുൽകുകയത്രേ.

'ബുദ്ധിയുണ്ടെൻമക'ന്നെന്നശ്രുബിന്ദുവിൽ
ബദ്ധനായ്ത്തീരുകയത്രേ!

## ശർക്കരയുടെ കഥ

ആരോ ചൊല്ലി ഞാൻ കേട്ടതാണേ

ആലങ്ങാടെന്നൊരു നാടുണ്ടല്ലോ!

ആലങ്ങാടെന്നുള്ള നാട്ടിലെങ്ങും
ആകാശം മുട്ടും കരിമ്പുണ്ടല്ലോ!

ആകാശം മുട്ടും കരിമ്പിനുള്ളിൽ
ആരും കൊതിപ്പോരമൃതുണ്ടല്ലോ!

ആ നല്ലമൃതിന്നായാനപോലു–
ള്ളാളുകൾ പണ്ടു കരിമ്പു വെട്ടി

കുന്നൊത്ത ചക്കിൽക്കരിമ്പിറങ്ങി–

ച്ചെന്നപ്പോൾ നീരു പുറത്തു ചാടി.

ഇന്നും പെരിയാറുപോലെയാ നീ–
രന്നാട്ടിൽക്കുത്തിയൊലിച്ചീടുന്നു.

ഇന്നും മനുഷ്യരതിൽക്കുളിക്കാൻ
ചെന്നു നിർവാണം വരിച്ചിടുന്നു!

കോരിവറ്റിക്കുകിൽശ്ശർക്കരയായ്–
ത്തീരുന്നതാപ്പുഴവെള്ളമല്ലോ!

തീരെ ഞാൻ നമ്പിയിട്ടില്ലതെല്ലാം
നേരായിരിക്കുമെന്നെങ്കിൽക്കൂടി

ചെട്ടിതൻ പാണ്ടികശാലയിങ്കൽ–
ക്കിട്ടുന്നു ശർക്കര വേണ്ടുവോളം!

# ദേശീയസമ്പാദ്യം

**അ**ച്ഛനേകി വിഷുക്കൈനേട്ട,മപ്പണം
കൊച്ചുകുടുക്കയിലിട്ടു പുത്രൻ.
ആട്ടിന്റെ കൂടിൻചുവട്ടിൽ കുഴിച്ചിട്ടി–
താപ്പണം സൂത്രത്തിലന്നുതന്നെ.

അഞ്ചു വിഷുക്കണി കണ്ടശേഷം ചെന്നി–
ട്ടച്ഛന്റെ കാതിൽ പറഞ്ഞു പുത്രൻ
''അഞ്ചുണ്ടുറുപ്പികയിപ്പോൾ കുടുക്കയി–
ലത്രയും പോരയോ കാറു വാങ്ങാൻ?''

കൈയിലിരിക്കും കുടുക്കകൊണ്ടെന്താണു
ചെയ്യേണ്ടതെന്നു പരുങ്ങിയച്ഛൻ,
''അഞ്ചുരൂപയ്ക്കു കാറെങ്ങുകിട്ടും? കാറി–
നയ്യായിരംകൂടിപ്പോര, കുഞ്ഞേ!''

അമ്പരന്നു പുത്രനാ വാക്കു കേട്ടവാ–
റശ്രുപൊടിഞ്ഞു കടമിഴിയിൽ
അച്ഛനെക്കൂടിയും കാണാതെയാക്കുന്നൊ–
രന്ധകാരം വന്നവനെ മൂടി.

അമ്മയുണ്ടപ്പൊഴേക്കെങ്ങുനിന്നോ വന്നി–
ട്ടുമ്മറവാതിലിൽ ചാരിനിൽപ്പൂ.
''വേണ്ടതെന്താണെന്നോ? ദേശീയസമ്പാദ്യ–
ബോണ്ടു വാങ്ങിക്കണമിന്നുതന്നെ.''

ആ മൊഴി കേട്ടപ്പോൾ ചാരുകസേലയിൽ
ഭൂമികുലുക്കമുണ്ടായപോലെ,
ചാടിയെണീക്കയാണച്ഛനമ്പോ, ചായ–
ചൂടാറുംമുമ്പായുടുപ്പുമിട്ടു.

ഉണ്ടായതെന്തൊക്കെയാണു പിന്നീടെന്ന–
തുണ്ണിക്കശേഷം വിവരമില്ല.
ആറാമതും വിഷു വന്നപ്പോൾ കൊന്നക–

ളാകവേ പൂത്തതവന്നറിയാം.

ആട്ടിനെപ്പുത്രൻ പുലാവില തീറ്റുമ്പോൾ
കേട്ടു വിളിക്കുന്നു തപ്പാൽക്കാരൻ
*''ദേശീയ സമ്പാദ്യബോണ്ടു സമ്പാദിച്ച
ദേശാഭിമാനിയീ വീട്ടിലല്ലേ?''

കാലത്തു കണ്ണുമിഴിച്ചവാറിന്നവൻ
കാറിൽ കയറിയിരുന്നിടുന്നു
കാപ്പിക്കായമ്മ വിളിച്ചു കൂവുമ്പൊഴും
കാറിന്റെ ഹോറനടിച്ചിടുന്നു.

കാറു പായിക്കുന്നതച്ഛനാണെങ്കിലും
ഹോറനടിപ്പതു താനൊരുത്തൻ!

## ആനയ്ക്കു പറ്റിയ അമളി

അച്ഛന്റെ വീട്ടിലൊരാനയെ വാങ്ങി:

ആനയെപ്പോറ്റുവാൻ പാപ്പാനെ വെച്ചു.

ഒരു മാസം തീർന്നപ്പോൾ ''ഇപ്പണി വയ്യെ''
ന്നുരിയാടിയിട്ടവൻ ചുമടേറ്റാൻ പോയി.

ആനയ്ക്കാപ്പാപ്പാൻ പിരിഞ്ഞുപോയപ്പോൾ
അതികലശലായിട്ടു സങ്കടം തോന്നി:

ഒരുമാസക്കാലത്തിനുള്ളിലാപ്പാപ്പാൻ
ഒരുകുറിയെങ്കിലും തല്ലിയില്ലല്ലോ!

അപ്പൊഴേക്കെത്തി പുതിയൊരു പാപ്പാൻ;
അവനൊടൊത്തഞ്ചാറു കൊല്ലവും പോക്കീ.

ഒരുദിനം കാട്ടിൽ മരംപിടിക്കുമ്പോൾ
അരികത്തൂടാരീക്കടന്നുപോകുന്നു?

ചുമടേന്തിപ്പായുമാജ്ജീവിയെ നോക്കി
ചുമ്മാ കുറച്ചിട നിന്നുപോയ്ക്കൊമ്പൻ!

മുതുകത്തിരിക്കുന്ന പാപ്പാൻ പയറ്റും
പതിനെട്ടടവും വെറുതെയായ്ത്തീർന്നു.

ചുമടേന്തിപ്പായും മനുഷ്യന്നുനേരെ
ചൂളലില്ലാതെ കുതിയ്ക്കയായ്ക്കൊമ്പൻ

വെമ്പിക്കിതച്ചുകിതച്ചു ചെന്നെത്തി–
ത്തുമ്പികൊണ്ടവനെത്തലോടുകയായി.

തുമ്പികൊണ്ടവനെത്തലോടിത്തലോടി
തുരുതുരെക്കണ്ണീർ പൊഴിക്കുകയായി.

ആനയേതെന്നു തിരിച്ചറിയാഞ്ഞി–
ട്ടാധിയാൽച്ചുമടോടെ വീണിതാവിദ്വാൻ!

''എത്രനിസ്സാരം മനുഷ്യ,നിന്നോർമ്മ–

ശക്തി?'' എന്നാന വിളിച്ചു ചോദിച്ചു

ചിന്നം വിളിക്കുന്നതെന്തിനാക്കൊമ്പ–
നെന്നുള്ളതേതും മനസ്സിലാവാതെ

ഒപ്പം പകച്ചു വിറച്ചുപോ,യെന്ന–
ല്ല;പ്പൊഴേ ബോധക്ഷയത്തിലാപ്പെട്ടു

താഴെക്കിടക്കുന്ന പഴയ പാപ്പാനും
തോളത്തിരിക്കുന്ന പുതിയ പാപ്പാനും.

## ഡ്രൈവർക്കുളന്തൈ

പാവുമുണ്ടും പട്ടുകോണവുമായി ഞാൻ
തീവണ്ടികാണുവാൻ ചെന്നുചേർന്നു.

ഷൊർണ്ണുരെജ്ജംഗ്ഷനിൽ, അപ്പോൾ പടിഞ്ഞാറു–
നിന്നാവിവണ്ടി കിതച്ചുവന്നു

കണ്ടു ഞാൻ കൽക്കരിപോലെയപ്പോളാവി–
വണ്ടിതൻ വായിലെ ഡ്രൈവർമാരെ.

അയ്യർവാളിഡ്ഡലികാപ്പികൾ വിറ്റിടു–
മയ്യാറാറിന്റെ ലിപിക്കുനേരെ

പ്ളാറ്റുഫോറത്തിലിറങ്ങി,ദ്ധൃതിയില–
ക്കൂറ്റന്മാർ പെട്ടെന്നു യാത്രയാകെ.

തന്ത്രത്തിലെഞ്ചിൻമുറിയിൽക്കയറി ഞാൻ
യന്ത്രപ്പണികൾ നടന്നുനോക്കി.

കാണുന്ന കുറ്റികൊളുത്തുകൾതോറുമെൻ
കൺകളും കൈകളും സഞ്ചരിക്കെ

എന്തോ ചിലതു വലിഞ്ഞിരിക്കാം, കുറ–
ച്ചെന്തോ ചിലതു തിരിഞ്ഞിരിക്കാം.

ഉണ്ടായതെന്തെന്നറിഞ്ഞുകൂടാ, വണ്ടി–
യുച്ചത്തിൽ ചൂളംവിളി തുടങ്ങി.

അമ്പരന്നെഞ്ചിൻമുറിയിൽ നിൽക്കുന്നു ഞാൻ:
മുമ്പോട്ടു വണ്ടി കുതിച്ചുപാഞ്ഞു.

ആളുകളെന്തോ വിളിച്ചുപറഞ്ഞുകൊ–
ണ്ടാംഗ്യങ്ങൾ കാട്ടുന്നുണ്ടെന്റെനേരെ.

ഒന്നും തിരിഞ്ഞില്ലെനി,ക്കതിൻമുമ്പവർ
പിന്നോട്ടുപിന്നോട്ടകന്നുപോയി.

എഞ്ചിൻമുറിയിൽ ഞാനേക,നത്തീവണ്ടി–
യെന്നെയുംകൊണ്ടു കുതികുതിക്കേ

എന്തിനിച്ചെയ്യേണ്ടുവെന്നുള്ള ഭീതിയാൽ
കുന്തിച്ചിരുന്നു കരഞ്ഞുപോയ് ഞാൻ!

രണ്ടുഭാഗത്തും വിളഞ്ഞ നെൽപ്പാടങ്ങൾ

കണ്ടു, കരിമ്പനത്തോപ്പു കണ്ടു.

കാടും മലയും പുഴയുമായ് നീലച്ച
കോടക്കാറാടും സ്ഥലങ്ങൾ കണ്ടു

വറ്റിയില്ലപ്പൊഴും കണ്ണുനീർ, നാഡിയോ
ഞെട്ടിത്തെറിക്കുകയായിരുന്നു.

രാവപ്പോഴേക്കുമരിച്ചരിച്ചെത്തിയി–
പ്പാരിനെപ്പാടേ വരിഞ്ഞുചുറ്റി.

വട്ടംകറങ്ങിക്കുനിഞ്ഞുവന്നു വാനം
ഒട്ടിപ്പിടിച്ചിതെൻ കണ്ണിമകൾ.

കത്തിപ്പടർന്ന പൈദാഹത്തളർച്ചയിൽ
തത്തുന്നതമ്മതൻ മൗനമല്ലോ;

ചിമ്മിനി കത്തുന്ന വീട്ടിന്റെ വാതിൽക്കൽ
ചിമ്മാതെ നിൽക്കുമാക്കണ്ണുകൾ രണ്ടും

എങ്ങുപോയെന്മകനെന്നൊരുത്കണ്ഠയാൽ
വിങ്ങിത്തുറിച്ചു കുതിർന്നിരുന്നു.

ചെയ്യേണ്ടതെന്തിനി? നിശ്ചയമില്ല, ഞാൻ
ചെയ്തതെന്തക്രമം? ഓർമ്മയില്ല!

കുന്തിച്ചിരുന്നു ഞാൻ കണ്ണുതുറന്നപ്പോൾ
കഞ്ചിക്കോട്ടെത്തിക്കഴിഞ്ഞിരുന്നു.

കാരണമെന്തെന്നറിയില്ല, വണ്ടിയിൽ
കൽക്കരിയില്ലാഞ്ഞിട്ടായിരിക്കാം;

ഓടാതെ നിൽപ്പാണു തീവണ്ടി; കാണിക–
ളോതുന്നു തങ്ങളിലിപ്രകാരം:

''വാരുങ്കോ, ഡ്രൈവർക്കുളന്തൈ ചിരിക്കിന്റ്
പാരുങ്കോ! വേറുണ്ടോ പുത്തിശാലി!''

## ഗുരുവായൂരെ ആന

ഗുരുവായൂരമ്പലം കണ്ടൂ ഞാൻ
ഗുരുവായൂരപ്പനെക്കണ്ടൂ ഞാൻ;

അപ്പനെച്ചുറ്റി പ്രദക്ഷിണംവെയ്ക്കുന്നോ–
രാനക്കിടാവിനെക്കണ്ടൂ ഞാൻ.

കൊമ്പുകൾ കൂമ്പിവരുന്നുണ്ടേ,
തുമ്പിക്കൈ മണ്ണിൽക്കിടപ്പുണ്ടേ,

വാലുണ്ടേ, ആനക്കിടാവിനെക്കാണുവാൻ
ചേലുണ്ടേ, അസ്സല് ചേലുണ്ടേ!

വട്ടച്ചെവികളിളക്കുമ്പോൾ
വഡ്ഢി കുലുക്കി നടക്കുമ്പോൾ

ഇത്തിരിപോന്ന രണ്ടോമനക്കണ്ണുകൊ–
ണ്ടിയ്യുള്ളോനോടവൻ യാചിച്ചു.

''തുമ്പിമേലാടിക്കളിച്ചോളൂ,
കൊമ്പത്തു കേറിയിരുന്നോളു

മേലൊക്കെക്കുത്തിമറിഞ്ഞോളു, ചങ്ങാതി,
വാലിലെ രോമം പറിച്ചോളു.''

അൻപുറ്റ കണ്ണാൽ ക്ഷണിച്ചിട്ടും
തുമ്പിക്കൈ മാടിവിളിച്ചിട്ടും

അച്ഛനുമമ്മയും കേട്ടില്ല, ഞാനൊഴി–
ച്ചാരാരുമാ വിളി കേട്ടില്ല.

അച്ഛനുമമ്മയും ശാസിച്ചു
''ആനയ്ക്കടുത്തു നീ പോകൊല്ല.

കൊമ്പു പിടിക്കൊല്ല, വാലുവലിയ്ക്കൊല്ല.
തുമ്പിമേൽ തൂങ്ങിക്കളിയ്ക്കൊല്ല''.

ആനതൻ കുമ്പയിലെന്തുള്ളു?
കാണണമെന്നു ഞാൻ വെമ്പുമ്പോൾ

അമ്മ വന്നെന്നെപ്പിടിച്ചുവലിച്ചല്ലോ
അച്ഛൻ ചുമലിലെടുത്തല്ലോ.

ആനയെയൊന്നു തൊടാനും ഞാൻ
ആളായിടാതെ മടങ്ങുമ്പോൾ

കരളിലെക്കണ്ണീരൂറന്നു തുളുമ്പിയ
കഥയൊരു കുട്ടിയറിഞ്ഞില്ല!

ഉണ്ടായ സങ്കടമെന്തെന്നോ?
മിണ്ടിപ്പറയാൻ കഴിഞ്ഞില്ല.

ആനക്കിടാവിനോടെന്നുടെ സംശയം
ആരാഞ്ഞു പോരാൻ കഴിഞ്ഞില്ല!

ആരെല്ലാം ചേർന്നു നടത്തുന്നു
ആനവയറ്റിലെദ്ദേഹണ്ണം?

കിണ്ടന്മാരായുള്ള പട്ടന്മാർ മൂവരാ
കുണ്ടൻവയറ്റിലിരിപ്പില്ലേ ?

പിണ്ടിയരച്ചു കുഴയ്ക്കുന്നു,
പിണ്ടിയുരുട്ടി നിരത്തുന്നു;

പിണ്ടി വെളിയിലേക്കുന്തിയയയ്ക്കുന്നു
പിൻകുടുമക്കാരവരല്ലേ?

# ഉത്സവപ്പിറ്റേന്ന്

''ആനപ്പുറത്തു ഞാൻ കേറിയിരുന്നതു

കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?.''

''ആനപ്പുറത്തു നീ കേറിയിരുന്നതു
കണ്ടവരില്ലാ, കണ്ടവരില്ലാ.''

‘‘കോലം ചുമന്നു ഞാൻ മുമ്പിലിരുന്നതു
കണ്ടവരുണ്ടോ കണ്ടവരുണ്ടോ?’’

‘‘കോലം ചുമന്നു നീ മുമ്പിലിരുന്നതു
കണ്ടവരില്ലാ, കണ്ടവരില്ലാ.’’

‘‘കൊറ്റക്കുടയും പിടിച്ചു ഞാൻ വാണതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?’’

‘‘കൊറ്റക്കുടയും പിടിച്ചു നീ വാണതു
കണ്ടവരില്ലാ, കണ്ടവരില്ലാ.’’

‘‘ആലവട്ടങ്ങൾ ഞാൻ നീട്ടിപ്പിടിച്ചതു
കണ്ടവരുണ്ടോ? കണ്ടവരുണ്ടോ?’’

‘‘ആലവട്ടങ്ങൾ നീ നീട്ടിപ്പിടിച്ചതു
കണ്ടവരില്ലാ, കണ്ടവരില്ലാ.’’

‘‘വെൺചാമരങ്ങൾ ഞാൻ വീശിക്കൊടുത്തതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?’’

‘‘വെൺചാമരങ്ങൾ നീ വീശിക്കൊടുത്തതു
കണ്ടവരില്ലാ, കണ്ടവരില്ലാ.’’

‘‘മൂക്കുംകുത്തി ഞാൻ കീഴ്പ്പോട്ടുരുണ്ടതും
കണ്ടവരില്ലേ, കണ്ടവരില്ലേ?’’

‘‘മൂക്കുംകുത്തി നീ കീഴ്പ്പോട്ടുരുണ്ടതു
കണ്ടവരുണ്ടേ, കണ്ടവരുണ്ടേ!’’

## മനോരാജ്യത്തിന്നിടയിൽ

തുന്നാരപ്പെണ്ണേ, നീ തുന്നുന്നതെന്തെടി?

തുന്നുന്നു ഞാനൊരു തൂവാല

തൂവാല തുന്നുന്നതെന്തുകൊണ്ടാണെടീ?
തൂശിയിൽ കോർത്തൊരു നൂൽകൊണ്ട്

കാണാൻ കഴിയാത്ത തൂശിയാണല്ലോടീ?
കാണാം വെള്ളെഴുത്തില്ലെങ്കിൽ

ആർക്കാണു വെള്ളെഴുത്തെന്നാണു സംശയം
അല്ലാ, –– തൂശി പോയ്പ്പോയെന്നോ?

തൂശിയില്ലാതെയും തുന്നാറുണ്ടല്ലേടീ?
നാശം! തൂശി പൊയ്പ്പോയല്ലോ!

അതു പറഞ്ഞാൽ തൂശി കിട്ടുന്നതെങ്ങനെ?
തൊടിയിലും വീണിട്ടില്ലല്ലോ!

അതുപറഞ്ഞാൽ തൂശി കിട്ടുന്നതെങ്ങനെ?
മടിയിലും വീണിട്ടില്ലല്ലോ!

അതുപറഞ്ഞാൽത്തൂശി കിട്ടുന്നതെങ്ങനെ?
ഇതു മഹാസങ്കടമായല്ലോ!

അതുപറഞ്ഞാൽ തൂശി കിട്ടുന്നതെങ്ങനെ?

അരിവാങ്ങാൻ വഴിയില്ലാതായല്ലോ!

അതു പറഞ്ഞാൽ തൂശി കിട്ടുന്നതെങ്ങനെ?
അടി വാങ്ങാൻ നിൽക്കണ്ടാ, പൊയ്ക്കോളിൻ!

## കണ്ടവരുണ്ടോ?

എങ്ങട്ട് പോണു മുത്ത്യേമേ?
ചാത്തൂനെക്കണ്ട്വോ കുട്ട്യോളേ?

ചാത്തൂന്ന് പറയണതാരാണ്ടോ?
എന്റുണ്ണിപ്പേരക്കിടാവാണേ.

ഓനെത്ര വയസ്സായി മുത്ത്യേമേ?
ഓനഞ്ച് വയസ്സായി കുട്ട്യോളേ

കൂരച്ച നെഞ്ഞോ പുഴുപ്പല്ലോ?
അഴകുറ്റ നെഞ്ഞാണരിപ്പല്ലും.

കറുത്തിട്ടോ വെളുത്തിട്ടോ ചോന്നിട്ടോ?
അമ്പാടിക്കണ്ണന്റെ നിറമാണേ.

ഓടക്കുഴലുണ്ടോ ചാത്തൂന്?
ഓടക്കുഴലവന്നില്ലല്ലോ.

കാലിൽച്ചിലമ്പുണ്ടോ ചാത്തൂന്?
കാലിൽച്ചിലമ്പവന്നില്ലല്ലോ.

അരയിൽക്കിങ്ങിണിയുണ്ടോ മുത്ത്യേമേ?
വെള്ളിത്തുരടുണ്ടല്ലോ കുട്ട്യോളേ.

കാതിലയുണ്ടോ മുത്ത്യേമേ?
മിന്നിക്കടുക്കനൊന്നുണ്ടല്ലോ.

പീലിത്തിരുമുടിയുണ്ടോ മുത്ത്യേമേ?
നെറ്റിക്കുറുനിരയവന്നുണ്ടല്ലോ.

കുങ്കുമക്കുറിയുണ്ടോ മുത്ത്യേമേ?
ചുണ്ടത്തു തേൻചിരിയുണ്ടല്ലോ.

അതുകൊണ്ടും പോരല്ലോ മുത്ത്യേമേ?
കള്ളത്തിമിഴനുമാണല്ലോ.

മുടിങ്കോലുണ്ടോ ചാത്തൂന്?
മുടിങ്കോലുണ്ടല്ലോ കുട്ട്യോളേ.

അതുകൊണ്ടും പോരല്ലോ മുത്ത്യേമേ?
മേയ്ക്കാൻ പയ്ക്കളുമുണ്ടല്ലോ.

എന്നാലാച്ചാത്തൂനെക്കണ്ടില്ല.
കണ്ടില്ലെന്നായാലൊക്കില്ല.

പിന്നെന്തു വേണം മുത്ത്യേമേ?
എന്റുണ്ണിച്ചാത്തൂനെത്തരവേണം.

ഞങ്ങടെ കൈകളിലില്ലല്ലോ
എന്റുണ്ണിച്ചാത്തൂനെത്തരവേണം.

എപ്പളേ ചാത്തൂനെക്കാണാഞ്ഞു?
ഉച്ചക്കഞ്ഞിക്കു വന്നീലാ.

ഓനപ്പോളെന്തേ ചെയ്തീര്ന്നു?
പൈക്കളെ മേയ്ക്കാൻ പോയീര്ന്നു–

ആരുടെ പൈക്കളെ മേയ്ക്കുന്നു?
മനയ്ക്കലെപ്പൈക്കളെ മേയ്ക്കുന്നു.

എവിടെല്ലാം പൈക്കളെ മേയ്ക്കുന്നു?
പുല്ലുള്ള കുന്നിന്മേൽ മേയ്ക്കുന്നു.

എന്തിന്നു പൈക്കളേ മേയ്ക്കുന്നു?
അരിയിട്ട വെള്ളം കുടിക്കാലോ!

പിന്നെന്തേ കഞ്ഞിക്കു വന്നീല?
ചന്തിക്കൊന്നു കൊടുത്തേ ഞാൻ.

എന്തിനു ചന്തിക്കൊന്നു കൊടുത്തൂ?
കന്നിനെ മേയ്ക്കാൻ പോവാഞ്ഞിട്ട്.

പോവാതിരിക്കാനെന്തേ ചാത്തൂ?
കഴുവേറിത്തരമില്ലാഞ്ഞിട്ട്.

കഴുവേറിത്തരമേറാനെന്തേ?
തലയിൽക്കേറ്റിയിരുത്താഞ്ഞിട്ട്

തലയിൽക്കേറ്റിയതാരേന്നും?
ഓനാകെയുള്ളൊരു മുത്ത്യേമ.

ഓനെപ്പെറ്റവളില്ലേന്നും?
ഓനെപ്പെറ്റവളില്ലല്ലോ.

പൊട്ടിമുളച്ചതോ ചാത്തു പിന്നെ?
അതിനവൻ തകരക്കൂമ്പല്ലല്ലോ.

മോളിന്നുതിർന്നതോ ചാത്തു പിന്നെ?
അതിനവൻ മാരിനീരല്ലല്ലോ.

എങ്ങനെ പിന്നവനുണ്ടായി?
പെറ്റൂ,പെറ്റവൾ ചത്തുംപോയ്.

എങ്ങനെ ചത്തു മുത്ത്യേമേ?
ദൈവം വന്നു വിളിച്ചിട്ടും ചത്തു.

പിന്നെങ്ങനെ ചത്തു മുത്ത്യേമേ?
നടപ്പിന്റെ ദണ്ണം പിടിച്ചിട്ടും.

ദണ്ണത്തിനുള്ള മരുന്നില്ലേ?
മരുന്നില്ലാഞ്ഞിട്ടല്ലല്ലോ.

അപ്പോത്തിക്കിരിമാരില്ലേ?
അപ്പോത്തിക്കിരീമുണ്ടല്ലോ.

പിന്നെന്തേ മോളെക്കൊന്നൂട്ടു?
പെറ്റവരാളെക്കൊല്ലില്ല!

മരുന്നു കൊടുക്കാഞ്ഞാൽ കൊലയല്ലേ?
കോരിക്കൊടുക്കണം ചില്ലാനം.

എണ്ണിക്കൊടുത്താലും പോരേന്നും?

അപ്പളും വേണം ചില്ലാനം.

എന്നിട്ടോ, ഞങ്ങള് പോണ്
വിടുമോ നിങ്ങളെ ഞാന്?

അതിനെന്താ കാരണം മുത്ത്യേമേ?
എന്റുണ്ണിച്ചാത്തൂനെത്തരവേണം.

കാര്യം പുലിവാലായല്ലോ
പുലിയും പൊറുതീലല്ലല്ലോ.

എവിടെത്തിരഞ്ഞൂ ചാത്തൂനെ?
കാട്ടിലും മലയിലും കണ്ടില്ല.

കൊളത്തിലും കെന്റിലും നോക്കീലേ?
പെട്ടീലടുപ്പിലും കണ്ടില്ല.

കൊടത്തിന്റുള്ളിലും നോക്കീലേ?
കോഴിക്കൂട്ടിലും കണ്ടില്ല.

ചാണക്കുഴിയിലും നോക്കീലേ?
നൂറ്റുക്കുടത്തിലും കണ്ടില്ല.

കിണ്ടിമുരലിലും നോക്കീലേ?
തൂശിത്തുളയിലും കണ്ടില്ല.

കണ്ണിന്നു വെള്ളെഴുത്തില്ലേടോ?
വെള്ളെഴുത്തൊക്കെയുമുണ്ടല്ലോ.

പിന്നെങ്ങനെ കാണും മുത്ത്യേമേ?
കരളിലെ കണ്ണെന്നൊന്നുണ്ടല്ലോ

ഊന്നാനൊരു വടി കിട്ടീലേ?
എൻറൂന്നുവടിയല്ലേ പൊയ്പ്പോയി.

പോയോ? പോയതു കിട്ടില്ല,
തിയ്യോണ്ടമ്മാനമാടല്ലേ!

കണ്ടുവേ ഞങ്ങള് ചാത്തൂനെ.
എവിടെക്കണ്ടൂ ചാത്തൂനെ?

പുഴയിൽക്കണ്ടൂ മുത്ത്യേമേ!
എപ്പോൾക്കണ്ടൂ കുട്ട്യോളേ?

ഇത്തിരിനേരം മുമ്പാണേ
ഒന്നും ചാത്തു പറഞ്ഞില്ലേ?

ഒന്നും ചാത്തു പറഞ്ഞില്ല
പൈക്കളുമുണ്ടോ പിന്നാലെ?

പൈക്കളുമില്ലാ പിന്നാലെ
പൈക്കുന്നുണ്ടോ ചാത്തൂന്?

വയറുണ്ടങ്ങനെ ശിവശംഭോ!
ദാഹവുമില്ലേ ചാത്തൂന്?

ആറ്റിനടുത്തോ ദാഹം?
എന്തേ ചെയ്യിണു ചാത്തൂ?

നീങ്ങിപ്പോണൂ ചാത്തൂ?
തോണീലാണവനല്ലേ?

തോണീലല്ലാ ചാത്തൂ
മോട്ടറുവണ്ടീലാണോ?

മോട്ടറുവണ്ടീലല്ലാ
ഫുപ്ഫൂവണ്ടീലാണോ?

ഫുപ്ഫൂവണ്ടീലല്ലാ
കിണികിണിവണ്ടീലാണോ?

കിണികിണി വണ്ടീലല്ലാ
കാളോണ്ടീമ്മലാണല്ലേ?

കാളോണ്ടീമ്മലുമല്ലാ.
പൈക്കാലിമ്മലാണോ?

പൈക്കാലിമ്മലുമല്ലാ.
കാൽനടതന്ന്യാണല്ലേ?

എന്നാലങ്ങനെയല്ലല്ലോ.
നീങ്ങാനെന്താ വഴി വേറെ?

താഴുന്നൂ പൊങ്ങുന്നൂ നീങ്ങുന്നൂ.
എന്നെച്ചതിച്ചുവോ ദൈവം?

ചാവണ്ടാ മുത്ത്യേമേ ചാവണ്ടാ
ചാവാഞ്ഞാലും ചത്തതുതന്നെ

ഇപ്പോൾച്ചാത്തൂനെത്തന്നാലോ?
തന്നാലൊരുപിടി വെള്ളി

അതിനും മറ്റും കിട്ടുകയില്ല
എന്നാലൊരുമുറം പൊന്ന്.

അതിനും മറ്റും കിട്ടുകയില്ല
എന്നാലൊരുപറ മുത്ത്.

അതിനു മറ്റും കിട്ടുകയില്ല
ഭൂമീലുള്ളതു സർവം!

അതിനും മറ്റും കിട്ടുകയില്ല
എന്റുയിർ കൂടിക്കൂട്ടൂ

തല്ലില്ലെന്നൊരു സത്യം ചെയ്യൂ,
തല്ലില്ലവനെസ്സത്യം ചെയ്തൂ

നോക്കൂ, മാവിന്റെ കൗളിയിലാരാ?
അമ്പട കള്ളാ, വാടാ താഴെ.

തല്ലില്ലെന്നൊരു സത്യവുമുണ്ടേ.
തച്ചിട്ടില്ലാ പണ്ടും

ചന്തിക്കൊന്നു കൊടുത്തില്ലേന്നും?
വാഴടെ നാരോണ്ടാണേ!

## അടയ്ക്കയും കവുങ്ങും

**കെ**ട്ടു വില്ക്കും പീടികയിൽ കയറുകകാരണത്താൽ

കിട്ടുവെന്ന പുരുഷന്നൊരടയ്ക്ക കിട്ടീ

കച്ചവടക്കാരനതു കണ്ടതേയില്ലെന്നതിനാൽ
കൈയിൽ വന്നതുടൻ കിട്ടു മടിയിലിട്ടൂ

താഴമ്മടിത്തുമ്പരയിലെടുത്തുകുത്തിയശേഷം
താനിറങ്ങി നടകൊണ്ടു നിരത്തിലൂടെ.

കൂരിരുട്ടിലൂടെ തപ്പിത്തടഞ്ഞു വീടെത്തിയപ്പോൾ
ദുരത്തെങ്ങോ കൂവിടുന്നു പാതിരാക്കോഴി.

എട്ടുപത്തുവട്ടമായാളുമ്മറവാതിലിൽ തട്ടി–
മുട്ടിയിട്ടുമുള്ളിൽ തഴുതനങ്ങിയില്ലാ

കേട്ടറിഞ്ഞാനാഗ്ഗൃഹസ്ഥനവസാനം അകത്തുണ്ടേ
വീട്ടുകാരി കൂർക്കംവലിച്ചുറങ്ങിടുന്നു!

താനാരെയുമുണർത്തുവാൻ മിനക്കെടേണ്ടെന്നുവെച്ചു
താഴ്‌വരയിൽത്തന്നെ കിട്ടു മലർന്നുവീണു.

വീഴേണ്ട താമസമായാളത്താഴപ്പട്ടിണിമൂലം
താഴുകയായ് ഗാഢമായ സുഷുപ്തിയിങ്കൽ

പറയുവാൻ കൊണ്ടുവന്നതിപ്പറഞ്ഞതൊന്നുമല്ല.
പകലവൻ വീണ്ടുമുദിച്ചുയർന്നനേരം

കിട്ടുവിന്റെ പക്കത്തു വന്നൊക്കത്തിരുകൈയും കുത്തി
കെട്ടിയവളുണ്ടേ കണ്ണും തുറിച്ചു നിൽപ്പൂ.

തൊട്ടുരുമ്മി നില്പുണ്ടയൽ വീടുകളിൽ പാർത്തുപോരും
കുട്ടികളുമച്ഛന്മാരുമമ്മച്ചിമാരും.

ഏവരും കൺതുറിപ്പിച്ചുകണ്ടിടുന്നിതൊന്നുതന്നെ;
ഏവരുമമ്പരപ്പോടെ ചിന്തിച്ചിടുന്നു:

‘‘ഉറങ്ങുന്ന കിട്ടുവിന്റെ മടിക്കുത്തിൽനിന്നു മുള–
ച്ചുയർന്നു മേല്പുരകുത്തിത്തുളച്ചു പൊന്തി

കാറ്റത്തുലഞ്ഞാടിനിൽപ്പായൊരൊറ്റ രാവുകൊണ്ടൊരു
പാറ്റക്കവുങ്ങി,തെമ്മട്ടിൽ വിശ്വസിക്കേണ്ടൂ!’’

കെട്ടിയവളുടെ ചൂലേറ്റുണർന്നു കൺമിഴിച്ചപ്പോൾ
കിട്ടുവിന്നുണ്ടായ ഖേദമിതായിരുന്നു:

‘‘കുടുങ്ങിയല്ലോ ഞാനമ്മേ! മടിയിലെക്കവുങ്ങിന്റെ
യടിയിൽനിന്നെന്നെയെമ്മട്ടെടുത്തുമാറ്റും?’’

## കണ്ണട വേണ്ടേ?

**മകൻ**

അച്ഛനോടിന്നൊരു കാര്യം പറയുവാൻ വന്നൂ ഞാൻ എ–

ന്നിച്ഛയച്ഛൻ നിറവേറ്റിത്തരികയില്ലേ?

**അച്ഛൻ:**
പറയൂ നിന്നിച്ഛയെന്തെന്നതിന്നുമുമ്പെങ്ങനെ ഞാൻ
നിറവേറ്റാമെന്നു വാക്കുതരേണ്ടൂ കുഞ്ഞേ?
തൂശിക്കുഴയ്ക്കുള്ളിലാന കടക്കണമെന്നെന്നുണ്ണി

വാശിപിടിക്കുന്നുവെങ്കിൽ കുഴങ്ങുമച്ഛൻ.

**മകൻ:**
ആ വിചാരം വേണ്ടാ, വാശിപിടിക്കയില്ല,ച്ഛനെക്കൊ–
ണ്ടാവാത്ത യാതൊന്നിനും ഞാൻ കൊതിക്കയില്ല
മൂക്കത്തൊരു കണ്ണടവെച്ചെന്റെ ചുറ്റുമുള്ളതെല്ലാം
നോക്കിക്കാണാൻ മാത്രമാണിന്നെനിക്കു മോഹം

**അച്ഛൻ:**
വേണം നിനക്കൊരുജോടിക്കണ്ണടയെന്നുള്ള മോഹം
വേണമെങ്കിലിന്നുതന്നെ ശരിപ്പെടുത്താം.
കണ്ണട വേണ്ടതു പക്ഷേ, കണ്ണു കാണാത്തവർക്കാണെ–
ന്നുണ്ണീ നീയും ധരിക്കേണം, അത്രയേ വേണ്ടൂ.

**മകൻ:**
കണ്ണുകാണാത്തവർ വെയ്ക്കും കണ്ണടയ്ക്കല്ലെന്റെ മോഹം.
വർണ്ണപ്പകിട്ടുണ്ടാക്കുന്ന കണ്ണടയ്ക്കല്ലോ.

**അച്ഛൻ:**
അഭ്രംവെച്ച കണ്ണടയ്ക്കാണിന്നു നിന്റെ മോഹമല്ലേ?
അച്ഛന്നെതിർപ്പില്ലാ വാങ്ങിത്തരാമുടനെ.
(കണ്ണടവിൽപ്പനക്കാരൻ പാടിക്കൊണ്ടു വരുന്നു.)

**കണ്ണടവിൽപ്പനക്കാരൻ:**
വേണ്ടേ വേണ്ടേ പച്ചക്കണ്ണട,
വേണ്ടേ വേണ്ടേ മഞ്ഞക്കണ്ണട,
വേണ്ടേ വേണ്ടേ ചുവപ്പുകണ്ണട,
വേണ്ടേ വേണ്ടേ കറുപ്പുകണ്ണട?
പച്ചക്കണ്ണട വെച്ചുനടന്നാൽ
പച്ചനിറത്തിൽ കാണും ലോകം
മഞ്ഞക്കണ്ണട വെച്ചുനടന്നാൽ
മഞ്ഞനിറത്തിൽ കാണും ലോകം.
ചുവപ്പുകണ്ണട വെച്ചു നടന്നാൽ
ചുവന്നതായിക്കാണും ലോകം.
കറുപ്പുകണ്ണട വെച്ചുനടന്നാൽ
കറുത്തതായിക്കാണും ലോകം.

**മകൻ:**
കണ്ണട വിറ്റു നടക്കുന്ന മൂപ്പരേ,
തിണ്ണയിൽ കേറിയിരുന്നിടേണം;
ഒന്നിനെന്താണു വിലയെന്നു ചൊല്ലണം
പിന്നീടു പെട്ടി തുറന്നിടേണം.

**കണ്ണട വിൽപ്പനക്കാരൻ;**
രണ്ടണയ്ക്കല്ലോ ഞാൻ കണ്ണട വിൽക്കുന്നു
രണ്ടു കണ്ണുള്ളവർക്കെല്ലാവർക്കും
രണ്ടു കണ്ണില്ലാത്തവർക്കും ഞാൻ വിൽക്കുന്നു,
രണ്ടിലധികം കണ്ണുള്ളവർക്കും.
(കണ്ണടപ്പെട്ടി തുറന്ന് കണ്ണട എടുത്തു കൊടുക്കുന്നു)

**മകൻ:**
വെച്ചുനോക്കുമ്പൊളിക്കണ്ണടയ്ക്കൊന്നിനും
മെച്ചമില്ലെന്നൊരു തോന്നലുള്ളിൽ
കാണുന്നതെല്ലാമൊരേ നിറമാവുമ്പോൾ

കണ്ടു നിൽക്കാൻ വയ്യധികനേരം.

**കണ്ണടവില്പനക്കാരൻ:**
നാനാനിറമുള്ള വസ്തുക്കളൊക്കെയും
നാനാനിറത്തിൽത്താൻ കാണ്മാനെങ്കിൽ
ഇക്കണ്ണടകളെക്കാളും മികച്ചവ
ഈശ്വരൻ തന്നവ തന്നെയല്ലോ
(കണ്ണടകൾ തിരികെ പെട്ടിയിൽ വെച്ചു പൂട്ടുന്നു)

**മകൻ:**
എന്നിട്ടും കുട്ടികളെന്നുടെ കൂട്ടുകാ–
രെന്തിനീക്കണ്ണട വാങ്ങിടുന്നു?
മൂക്കത്തു കണ്ണടവെച്ചു നടന്നിട്ടു
മൂക്കുകുത്തിത്താഴെ വീഴുവാനോ?
**കണ്ണടവിൽപ്പനക്കാരൻ:**
അല്ലല്ല,വരവരിച്ചിച്ച വർണ്ണത്തി–
ലെല്ലാ പദാർത്ഥവും കണ്ടു നിൽക്കാൻ
ആളുകൾക്കുണ്ടൊരു മോഹമാ മോഹക്കാർ–
ക്കായി നിർമ്മിച്ചതീക്കണ്ണടകൾ!

(അച്ഛനും മകനും അന്യോന്യം നോക്കി ചിരിക്കുമ്പോൾ കണ്ണട വിൽപ്പനക്കാരൻ 'വേണ്ടേ വേണ്ടേ' എന്നു പാടി അകലുന്നു)

# ഓലപ്പീപ്പിയും ഓടക്കുഴലും

''ഓലപ്പീപ്പിവിളിച്ചു നമുക്കി–

ന്നോടിച്ചാടി നടക്കേണം''

''കഥയില്ലാത്ത ചെറുക്കന്മാരേ,
കളിയാക്കാൻ വഴിനോക്കണ്ടാ.''

''കഥയേറുന്ന ചെറുക്കത്തികളേ,
കള്ളി വെളിച്ചത്താക്കണ്ടാ.''

''ഓലപ്പീപ്പിവിളിക്കാൻ നിങ്ങൾ
ക്കൊരുത്തനെങ്കിലുമറിവുണ്ടോ?''

''ഓലപ്പീപ്പികളെന്തിനു കൊള്ളാം
ഓടക്കുഴലുകളുള്ളപ്പോൾ?''

''ഓലപ്പീപ്പിവിളിക്കാൻ നിങ്ങളി–
ലൊരുത്തനും വശമില്ലല്ലോ.''

''ഓടക്കുഴലു വിളിക്കാൻ നിങ്ങളി–
ലൊറ്റക്കുട്ടിക്കറിവുണ്ടോ?

''കളിയാക്കുന്നവരാരാണിപ്പോൾ,
കഥയില്ലാത്തവരാരിപ്പോൾ?''

''പറയിൻ മറുപടി ചുണയുണ്ടെങ്കിൽ
പ്പറയിൻ വേഗം കേൾക്കട്ടെ.''

''തോക്കിന്നുള്ളിൽക്കയറിക്കണ്ണും

മൂക്കും നോക്കാൻ നിൽക്കാതെ

വെടിവെയ്ക്കുന്ന മിടുക്കന്മാരേ,
ചെറിയൊരു കാര്യം പറയട്ടെ,''

''പറയിൻ മറുപടി, ചുണയുണ്ടെങ്കിൽ-
പ്പറയിൻ വേഗം കേൾക്കട്ടെ.''

''വെടിവെപ്പറിയാം; പക്ഷേ, തോക്കിൽ
തിരയില്ലൊ,റ്റത്തിരയില്ല.''

''അങ്ങനെ പറയാൻ സംഗതിയെന്താ-
ണെന്നും കൂടിക്കേട്ടോട്ടെ.''

''ഓലപ്പീപ്പികളോടക്കുഴൽകളു-
മൊന്നാണല്ലൊ സത്യത്തിൽ.

രണ്ടിലുമൊച്ചയനക്കീടുന്നതു
തൊണ്ട കൊടുക്കും കാറ്റല്ലേ?''

''ഇപ്പോൾച്ചൊന്നതു നേരാണതിനാ-
ലിനി നാം തർക്കം തുടരൊല്ല

ഉറിയും വാരിത്തൂവുന്നൂ ചിരി-
യുള്ളതു ചൊന്നാലെന്നില്ലേ?''

''അതു നേരാണു ചെറുക്കന്മാരേ,
അതിനാലിനി നാം പിരിയൊല്ല

ഓടക്കുഴലോടൊത്തു രസിച്ചി-
ന്നോലപ്പീപ്പി മുഴങ്ങട്ടെ.''

''ഓലപ്പീപ്പിയുമോടക്കുഴലും
വേറിട്ടില്ലാതാവട്ടെ.''

# പ്രാവും കുട്ടിയും

**കു**ഞ്ഞിപ്രാവേ, കുഞ്ഞിപ്രാവേ,
കുറുകിപ്പറയുവതെന്തോ നീ?''

''ഊണിന്നുതകും നെന്മണിയൊന്നും
കാണുന്നില്ല,തു ചൊൽവൂ ഞാൻ.''

''നെന്മണിയെങ്ങനെ കിട്ടും? വയലിൽ
പൊൻകണി വിളയാറായില്ല!''

''വയ്യ വിശപ്പു പൊറുക്കാൻ, പോംവഴി
വല്ലതുമുണ്ടോ ചങ്ങാതീ?''

''അച്ഛനുമമ്മയുമില്ലേ താങ്കൾ-
ക്കളിയനുമില്ലേ നാത്തൂനും?''

''ഉണ്ടായിട്ടെന്ത,വരെല്ലാം ഞാ-
നുണരും മുമ്പേ പോയല്ലോ!''

''എല്ലാരും ചേർന്നെവിടെപ്പോയവ-

രെന്തിനു പോയവ,രറിയാമോ?''

''വല്ലതുമൂണിനു കിട്ടാനായി
ട്ടല്ലാതൊന്നിനുമാവില്ല.''

''അകലേക്കൊന്നും പോവാനിടയി–
ല്ലന്നം തേടീട്ടാണെങ്കിൽ''

''ഇത്തിരിനേരം നീയിത്തൊടിയിൽ
തത്തിനടക്കൂ, കണ്ടെത്തും!''

''പറന്നിടുന്നു മുകളിൽച്ചക്കി–
പ്പരുന്തു നീളും കണ്ണോടെ:

വളഞ്ഞു കൂർത്തീ ലോകം മുഴുവൻ
വായിലൊതുക്കും കൊക്കോടെ.''

''ശരി, ഞാൻ താങ്കൾക്കിപ്പോളിത്തിരി
യരിമണി തിന്നാൻ തന്നേക്കാം.

ഇന്നതു തന്നൂ ഞാനെന്നോർത്തി–
ട്ടെന്നും വന്നു തിരക്കൊല്ലേ!''

# പൂക്കൾ വിളിക്കുന്നു

(പൂക്കൾ നൃത്തം വെക്കുന്നു)

മുറ്റിയിലേറിയിരിക്കുന്നൂ നടു–
മുറ്റത്തെത്തിയ മാവേലി;

കുട്ടികളെന്തിന്നുണരാത്തൂ? പൂ–
വട്ടി കഴുത്തിലുടക്കാത്തൂ?

നമ്മുടെ കുന്നലനാടിന്നരചൻ
നടുമുറ്റത്തു വസിക്കുമ്പോൾ

പായിൽ ചുരുണ്ടുകിടന്നാലുണ്ണികൾ
പാപികളായിപ്പോമല്ലോ.

ഒട്ടും താമസമരുതേ! മക്കളേ,
വട്ടി കഴുത്തിലണിഞ്ഞാലും!

പട്ടിതൾ തിങ്ങിവിടർന്നൊരീ ഞങ്ങളെ–
യൊട്ടുക്കു നുള്ളിയെടുത്താലും!

പച്ചപിടിച്ചൊരു മലയാളത്തിൻ
പരിമളമിഴുകും കരൾപോലെ

ഓണത്തപ്പൻ ചൂടട്ടെ ഞങ്ങളി–
ലോരോപേരെയും മൂർദ്ധാവിൽ!

**മകൻ:**
മുളവില്ലുകളുടെ നാദംപോലൊരു
വിളി ഞാൻ കേൾക്കുന്നു,
അകലേ നിന്നിപ്പാതിരനേര–
ത്താരു വിളിക്കുന്നു, അമ്മേ,
ആരു വിളിക്കുന്നു?

**അമ്മ:**
വീടുകളൊന്നുമുണർന്നിട്ടില്ലൊരു
വിളിയും കേൾപ്പീലാ,
പാതിരാക്കോഴികൾ കൂവിയിരിക്കാ–
മേതോ മാടത്തിൽ, കുന്ന–
ത്തേതോ മാടത്തിൽ.
**മകൻ:**
കണ്ടുപിടിച്ചൂ ഞാനാശ്ശബ്ദം:
കാര്യം വെളിവായി–
കാട്ടിലെ മലരുകളല്ലോ ഞങ്ങളെ
നീട്ടിവിളിക്കുന്നു, കണ്ഠം
നീട്ടിവിളിക്കുന്നു!
**അമ്മ:**
പൂക്കൾ വിളിക്കുന്നുണ്ടോ? ഞാനതു
കേൾക്കുന്നില്ലല്ലോ:
കുട്ടീ, നിൻപ്രിയമാതാവിൻ ചെവി
പൊട്ടിയിരിക്കുന്നൂ, തീരെ–
പ്പൊട്ടിയിരിക്കുന്നൂ!
**മകൻ:**
മൂലം പുലരാൻകാലത്താളുകൾ
മുക്കിലിരുന്നാലോ?
വരുവിൻ, വരുവിൻ, പൂവട്ടികളേ
വയറുകൾ വീർപ്പിക്കിൻ നിങ്ങടെ
വയറുകൾ വീർപ്പിക്കിൻ!

വെട്ടംവീണീലെന്നോർത്തിനി ഞാൻ
വെറുതെയിരിക്കില്ല:
ഒറ്റച്ചാട്ടംകൊണ്ടു പടിപ്പുര–
മുറ്റത്തെത്തും ഞാൻ, അമ്മേ,
മുറ്റത്തെത്തും ഞാൻ.

ഓണപ്പാട്ടുകൾ പാടിയുണർത്തിടു–
മോരോ വീടും ഞാൻ:
കൂട്ടാളികളോടൊപ്പം പിന്നെ
കാട്ടിൽക്കയറും ഞാൻ, അമ്മേ,
കാട്ടിൽക്കയറും ഞാൻ.
അക്ഷരമെല്ലാം തിരിയുന്നുണ്ടൊ,രു
ലക്ഷം പൂവുണ്ടേ
നീട്ടിവിളിപ്പൂ കാട്ടി,ലെനിക്കിനി
നിൽക്കാനാവില്ല, അമ്മേ,
നിൽക്കാനാവില്ല!
(കഴുത്തിൽ പൂത്തൊട്ടികൾ തൂക്കിയ കുട്ടികൾ ആർത്തുവിളിച്ചു കടന്നുവരുന്നു.)
**അമ്മ:**
ആരാരോ നിങ്ങളെയൊക്കെയിപ്പാതിര–
നേരത്തു വന്നു വിളിച്ചുണർത്തീ?
**കുട്ടികൾ:**
കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ–
ക്കേട്ടാരുറക്കത്തിൽ ഞങ്ങളമ്മേ!
**അമ്മ:**
കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ–

ക്കേട്ടുവോ നിങ്ങൾതന്നമ്മമാരും?
**കുട്ടികൾ:**
ഞങ്ങൾതൻ കാണായ ദൈവങ്ങൾ നിങ്ങൾക്കു
ഞങ്ങളോളം ചെവിടോർമ്മയില്ലേ?
**അമ്മ:**
പിഞ്ചായിരുന്ന ദിനങ്ങളിൽ പൂക്കൾതൻ–
കൊഞ്ചലീ ഞങ്ങളും കേട്ടിരുന്നു:
ഞങ്ങളിലന്നു പുലർന്നൊരസ്സിദ്ധിയേ
നിങ്ങൾക്കു ഞങ്ങൾ പകർന്നുതന്നു!

# മലവെള്ളം വന്നപ്പോൾ

''വല്യേട്ടാ, വല്യേട്ടാ,
വാതിൽ തുറക്കൂ, വല്യേട്ടാ,
മലവെള്ളത്തിൽ തോണികളിക്കാൻ
മണ്ടിവരൂ, വല്യേട്ടാ!''

''കണക്കുചെയ്യുകയാണനിയാ, ഞാൻ;
കളിച്ചുനിന്നാൽപ്പറ്റില്ല.
കളിച്ചുനിന്നാൽ ക്ലാസ്സിൽച്ചെന്നാൽ
കരണക്കുറ്റിക്കടികൊള്ളും.''

''കണക്കുചെയ്യാം മറ്റൊരു ദിവസം,
കളികഴിയട്ടേ വല്യേട്ടാ!
ഇമ്മാതിരിയൊരു വെള്ളം വരവിനി–
യിജ്ജന്മത്തിൽക്കാണില്ല!''

''അടികൊള്ളേണ്ടതു ഞാനല്ലേ, അതി–
ലനുജന്നില്ലാ ചൂടല്ലേ?
കണക്കുചെയ്തിട്ടല്ലാതിനിയീ–
ക്കസാല വിട്ടെഴുനേൽക്കില്ല!''

''ഇടിഞ്ഞുവീഴും മഴമൂലം സ്കൂ–
ളടച്ചുവത്രേ, വല്യേട്ടാ!
മഴവെള്ളത്തിൽ തോണികളിക്കാൻ
മണ്ടിവരൂ, വല്യേട്ടാ!''

''അത്രയ്ക്കുണ്ടോ മഴ? ഓഹോ, ഞാ–
നക്കഥയൊന്നുമറിഞ്ഞില്ല.
എന്നാലുടനെച്ചാടിയെണീക്കാം.
വന്നാ വാതിൽ തുറന്നേക്കാം.''

''കടലാസ്സുതോണികളേ, കടലാസ്സുതോണികളേ
കടലോളം പോയ്‌വരുവിൻ മലവെള്ളത്തിൽ
തിരിയാതെ മറിയാതെ ഞെളിയാതെ പിരിയാതെ
വിറയ്ക്കാതെ പോവും കപ്പൽപ്പടകണക്കെ

ഞങ്ങളുടെ മനസ്സിലെസ്സാഹസികത്വങ്ങൾപോലെ
ഞങ്ങളുടെ സഞ്ചാര കൗതുകങ്ങൾപോലെ,
ഞങ്ങളുടെയുള്ളിലുള്ളസങ്കൽപശക്തികൾപോലെ,

ഞങ്ങളുടെ കൈകളുടെ മിടുക്കുപോലെ,
കടലാസുതോണികളേ, കടലാസുതോണികളേ,
കടലോളം പോയ്‌വരുവിൻ മലവെള്ളത്തിൽ!''

# ഓടക്കുഴൽവിളി

**ഗോപൻ:**
കാട്ടിൽനിന്നോടക്കുഴൽവിളി കേൾക്കുന്നു,
കായാമ്പുവർണ്ണൻ വിളിച്ചീടുന്നു
പയ്യിനെ മേയ്ക്കുവാൻ പോകട്ടേ ഞാനമ്മേ,
നെയ്യിലുരുട്ടിയ ചോറെവിടെ?
**ഗോപമാതാവ്:**
ഉണ്ണീ, യശോദാകിശോരനല്ലിൽ കട്ടു–
തിന്നില്ലേ നമ്മൾതൻ വെണ്ണയൊക്കെ?
ഇന്നു ഞാൻ നെല്ലിക്കയോളം നെയ്യങ്ങേതിൽ–
നിന്നു മേടിച്ചു കടംപറയാം.
**ഗോപൻ:**
ഓടക്കുഴൽവിളി കേട്ടിട്ടിതാ, പയ്ക്ക–
ളോടുന്നു കാട്ടിലേക്ക,മ്മ നോക്കൂ!
കാലുറയ്ക്കുന്നില്ലെനിക്കുമമ്മേ, ഗോപ–
ബാലനെനിക്കും ഹൃദയമില്ലേ?
**ഗോപമാതാവ്;**
അപ്പോഴേക്കാരോ വരുന്നതിങ്ങോട്ടി,വ–
ളങ്ങേതിൽ പാർക്കുന്ന ഗോപിയല്ലേ?
അങ്ങോട്ടു ഞാൻ പുറപ്പെട്ടപ്പൊഴേയ്ക്കെന്തി–
നിങ്ങോട്ടു നീ പാഞ്ഞുവന്നു പെണ്ണേ?
**ഗോപസ്ത്രീ:**
കാര്യം കുഴപ്പത്തിലായിട്ടുണ്ടി,ന്നലെ
കള്ളൻ കടന്നിട്ടുണ്ടെന്റെ വീട്ടിൽ
മച്ചിലുറിയിൽ തയിർക്കലം കാണ്മീല:
മറ്റൊന്നും കള്ളനെടുത്തിട്ടില്ല.
**ഗോപമാതാവ്:**
എന്നാലതിന്നലെസ്സന്ധ്യയ്ക്കിവിടെവ–
ന്നെന്റെ കൈകൊണ്ടടികൊള്ളുംമുമ്പേ
ആനത്തലയോളം വെണ്ണതിന്നോടിയോ–
രാനായർകോൻതന്നെ,യില്ല വാദം.
**ഗോപൻ:**
നിങ്ങളെന്തൊക്കെയോ ഞായം പറയുന്നു:
നില്ക്കാൻ കഴിയില്ലെനിക്കിനിയും
കാട്ടിൽനിന്നോടക്കുഴൽവിളി കേൾക്കുന്നു;
കായാമ്പുവർണ്ണൻ വിളിച്ചിടുന്നു!
ഇന്നുച്ചയ്ക്കുണ്ണാതിരിക്കും ഞാ,നിമ്മട്ടിൽ
നിന്നുകൂടമ്മേ, ഞാൻ പോയ്‌വരട്ടെ.
കണ്ണൻ കുഴൽവിളി നിർത്തിയാൽ സന്ധ്യയ്ക്കു
വന്നുകൊള്ളാം ഞാൻ പതിവുപോലെ.

# ദുർവ്വിധിയുടെ കഥ

''തൂമണം കാറ്റിൽപ്പരത്തിനിൽക്കും
താമരപ്പൊയ്കകളുള്ള കാട്ടിൽ
പണ്ടൊരുനാളിൽ നാം സംഘമായി
തെണ്ടിനടന്നതിന്നോർമ്മയുണ്ടോ?''

''ഓർമ്മയുണ്ടന്നത്തെ സംഭവങ്ങൾ
ഓരോന്നും വെവ്വേറെയോർമ്മയുണ്ട്
ഓരോ ദിവസം കഴിയുമ്പോഴും
ഓർമ്മയ്ക്കധികം തെളിച്ചമല്ലോ.''

''അപ്പൂപ്പൻതാടികൊണ്ടന്നു നമ്മ-
ളപ്പടി മീശകൾ വച്ചുവല്ലോ;
കടലാവണക്കിൻകറയിലൂതി
പതയാക്കി കാറ്റിൽപ്പറത്തിയല്ലോ.''

''കവണിയിൽക്കല്ലെടുത്തന്നു നമ്മൾ
കളിയായെറിഞ്ഞുനടന്നിടുമ്പോൾ
ഒരു പച്ചത്തത്തയ്ക്കൊരേറുകൊണ്ടു
മുറിപറ്റിപ്പോയതുമോർമ്മയില്ലേ?''

''മുറിവേറ്റു നമ്മൾതൻ കാൽക്കൽ വീണ
കുരുവിതൻ പച്ചച്ചിറകടിയും
കൊക്കെന്നപോലെ, തുടുത്തിരുന്ന
രക്തം നിലയ്ക്കാത്ത കുഞ്ഞിനെഞ്ചും''

''അൽപ്പാൽപ്പമായിട്ടടഞ്ഞ കണ്ണിൽ
ആഴത്തിൽ ബിംബിച്ചിരുന്ന നോവും
നിസ്സഹായത്വവും എന്നുമെന്നും
ദുസ്സഹം നമ്മൾക്കെന്നല്ലി ചൊൽവൂ?''

''ദുസ്സഹമാണെന്നു മാത്രമല്ലാ-
ദ്ദുർവിധിതന്നോർമ്മ പിന്നെപ്പിന്നെ
സാരമായുള്ളൊരു ധർമ്മതത്വ-
സാധനാപാഠവുമായ്‌വരുന്നു.''

''തത്തമ്മ മാത്രമല്ലന്നവിടെ
ചത്തുമലച്ചു നിലംപതിച്ചു
നമ്മിൽ കുടിപാർത്തോരന്ധനായ
ദുർമ്മദംകൂടി മരിച്ചുവീണു.''

''താമരപ്പൊയ്കയിലന്നു നമ്മൾ
സാമോദം നീന്തിക്കളിച്ചശേഷം
തൻതൻ ഗൃഹത്തിൽ തിരിച്ചുചെന്നി-
ട്ടന്തിയുറങ്ങിക്കഴിഞ്ഞശേഷം''

''പിന്നെയും വർഷങ്ങൾ രണ്ടുമൂന്നു
വന്നതും പോയതും കണ്ടശേഷം
ഇപ്പോഴും നമ്മൾതന്നുൾക്കുരുന്നിൽ
നിൽപ്പിതാത്തത്തതന്നോർമ്മയെങ്കിൽ''

''ജീവിച്ചിരിപ്പില്ലപ്പക്ഷിയിന്നെ–
ന്നേവർക്കു ചൊല്ലാം ദൃഢസ്വരത്തിൽ?
ഒരുകാര്യം തീർച്ച നമുക്കഖിലം
ഗുരുവായിരുന്നിതാപ്പക്ഷിവര്യൻ!''

## അയ്യപ്പൻവിളക്കിന്റെ അല

അച്ഛന്റേടെ വിളക്കാണേ
അയ്യപ്പന്നു വിളക്കാണേ,
അമ്മ പുറപ്പാടാവാൻ കാത്തീ
നമ്മള് ചുമ്മാ നിൽപ്പാണേ!

കോഴി മുഴുക്കെക്കൂവീല
കോണികുലുക്കിപ്പാഞ്ഞെത്തി
കോസറിതട്ടി വിളിച്ചൂ: ''മോനേ,
കോവാലാ, കോവാലാ!

അച്ഛന്റേടെ വിളക്കല്ലേ?
അമ്മടെകൂടെപ്പോരണ്ടേ?
കണ്ണെഴുതണ്ടേ, പൊട്ടുതൊടണ്ടേ
കോവാലാ, കോവാലാ?

കാലുറപാപ്പാസ്സണിയണ്ടേ?
ശീലക്കുടയും ചൂടണ്ടേ?
കോപിക്കാണ്ടെ കുളിക്കാൻ വാടാ
കോവാലാ, കോവാലാ!

കാപ്പിവിളിക്ക്ണ് കോവാലാ,
തോശവിളിക്ക്ണ് കോവാലാ.
കാപ്പീം തോശേംകൂടി വിളിക്ക്ണ്
കോവാലാ, കോവാലാ!

കണ്ണ് മിഴിക്കെട കോവാലാ!
ചാടിയെണിക്കെട കോവാലാ!
വാവര് നീട്ടും പത്തിരി വാങ്ങാൻ
പോവേണ്ടേ കോവാലാ?

വാവര് പത്തിരി തന്നാലോ,
വായ നിറച്ചും തിന്നാലോ,
വയ്ക്കോൽക്കുണ്ടേപ്പോലെ നമുക്കും
വണ്ണംവെച്ചു നടക്കാലോ!''

എന്നിട്ടിപ്പോളെന്തായി?
എട്ടായീ മണി, പത്തായീ,
പതിനൊന്നായീ, പന്ത്രണ്ടായീ,
പതിമൂന്നിന്റെ പുറത്തായീ.

അണിയറവാതിലടച്ചീല
അമ്മ പുറത്തെഴുനള്ളീല,
കെട്ടിത്തീർന്നീലിനിയും വേഷം,
ചൊട്ടിപ്പണിയും തീർന്നീല.

പണ്ടം വാരിക്കെട്ടുന്നു

കണ്ണാടിയിലും നോക്കുന്നൂ,
കെട്ടിത്തീരാൻ കാത്തതുപോലെ
കെട്ടിയ പണ്ടമഴിക്കുന്നു.

തലമുടിയിൽപ്പൂചൂടുന്നു,
ചാഞ്ഞുചെരിഞ്ഞതു നോക്കുന്നു,
ചൂടിത്തീരാൻ കാത്തതുപോലെ
ചൂടിയ പൂക്കൾ പറിക്കുന്നു.

കണ്ണെഴുതുന്നു, മായ്ക്കുന്നു,
പൊട്ടുതൊടുന്നൂ, തേയ്ക്കുന്നു,
വേഷ്ടി പിടിച്ചു വലിക്കുമ്പോൾ മുടി
കെട്ടഴിയുന്നു, ചിതറുന്നു.

ഒരുവിധമെല്ലാം തീരുമ്പോൾ
നമ്മളൊ'രാവൂ' പറയുമ്പോൾ
മുമ്പിലെ വെള്ളം തട്ടിമറിച്ചതിൽ
മുങ്ങാങ്കൂളി നടത്തുന്നു.

എന്തു പറഞ്ഞിട്ടെന്താണ്?
ചന്തം കുറയാൻ പാടുണ്ടോ?
അലക്കുതീരാൻപോകുന്നില്ല;
വിളക്കുകാണാൻകൂടില്ല!

അന്തി കറുത്തുകഴിഞ്ഞില്ലേ?
അമ്പിളി റാന്തല് വെച്ചില്ലേ?
പാലക്കൊമ്പിനുടുക്കുംകൊട്ടി–
പ്പാടിയ പാട്ടു നിലച്ചില്ലേ?

നടത്തു ചൊല്ലിത്തീർന്നില്ലേ?
കതിനക്കുറ്റി കുരച്ചില്ലേ?
കതിനക്കുറ്റി കുരച്ചപ്പോളി–
ത്തട്ടകമൊന്നു വിറച്ചില്ലേ?

'ഇയ്യേ'വിളിയും കേട്ടില്ലേ,
'ഇരുനാഴൂരി' കഴിഞ്ഞില്ലേ,
അട്ടഹസിച്ച വെളിച്ചപ്പാടിൻ
അരമണിയൊച്ച ശമിച്ചില്ലേ?

ഇനിയാപ്പൂജകൾ തീരില്ലേ,
കനലാട്ടംവരെയാവില്ലേ?
കൊട്ടും പാട്ടും വെട്ടും തടവും
മറ്റുള്ളവയും കഴിയില്ലേ?

വാഴപ്പിണ്ടിക്കോവിലിൽ നൂ–
റെണ്ണവെളിച്ചം പടരുമ്പോൾ,
അവയുടെ മണവും കുങ്കുമമലരിൻ
മണവും ചേർന്നു തഴയ്ക്കുമ്പോൾ

പന്തലിൽ നൂറു കുരുത്തോല–
ച്ചീന്തുകൾ മിന്നിപ്പിടയുമ്പോൾ
പൂക്കുല ചിന്നിയ മുറ്റം നിറയേ
പുരുഷാരം നിന്നിളകുമ്പോൾ,

കോമരമട്ടഹസിക്കുമ്പോൾ
ഭൂമി നടുങ്ങി വിറയ്ക്കുമ്പോൾ

രണ്ടു ചിലമ്പിൻ കലപലയാലൊരു
മിണ്ടരുതായ്മ പരക്കുമ്പോൾ.

അച്ഛനൊടെന്തോ കോമരമ–
ങ്ങുച്ചത്തിൽക്കൽപ്പിക്കുമ്പോൾ
അപ്പഹയൻ തൻ ചുരികത്തുമ്പ–
ത്തച്ഛൻ പണമൊന്നെറിയുമ്പോൾ

മുന്നിൽപ്പന്തം കത്തുമ്പോൾ
പിന്നിൽ കരിനിഴൽ പാളുമ്പോൾ
പട്ടുവിതാനംകെട്ടിയ പന്തലി–
നൊട്ടടിദൂരെക്കോലായിൽ

കോൾമയിരാർന്നിട്ടച്ഛൻതൻ
രോമംതിങ്ങിയ കൈപ്പൂട്ടിൽ
പാതി മയങ്ങിച്ചൂളിയിരിക്കാൻ
പൂതി പെരുത്തുണ്ടെ,ന്നാലും,

അമ്മ പുറപ്പെട്ടെത്തില്ല,
നമ്മള് കൂടെപ്പോവില്ല,
വാവര്നീട്ടും പത്തിരി തിന്നാൻ
നാവിനു പാവം, വിധിയില്ല!

കോണിക്കെട്ടില് നിന്നിട്ട്
കോട്ടായിട്ട് മടുത്തൂലോ!
ഒറ്റക്കാലില് നിന്നിട്ടമ്മേ,
കുറ്റിത്താടി കുരുത്തൂലോ!

താടീമ്മീശ പെരുത്തൂലോ!
താടീമ്മീശ വെളുത്തൂലോ!
നമ്മടെ ദേഹത്തുള്ളതു മുഴുവനു–
മമ്മടെപോലെ നരച്ചൂലോ!

മേലാകെച്ചുളിവീണൂലോ!
കണ്ണിലിരുട്ടു പരന്നൂലോ!
വായിലൊരാടും നാവല്ലാതൊരു
വസ്തുവുമില്ലെന്നായീലോ!

വടിമേൽക്കുന്നു നടന്നാലും
പടിവരെയെത്താൻ വയ്യമ്മേ!
മകനെക്കെട്ടിയെടുക്കാൻ വേഗം
മഞ്ചൽക്കാരെ വിളിച്ചോളൂ!

# മുത്തച്ഛൻ

പാതിരനേരം കേട്ടൂ ഞങ്ങൾ

പാതയിലാരോ പാടുന്നു:

‘‘ഇട്ടുണ്ണൂലിക്കൊരുണ്ണി പിറന്നു:
പൊട്ടിച്ചിരിച്ചൂ ഞാൻ മുത്തച്ഛൻ!

പെട്ടെന്നുണ്ണി കഴിഞ്ഞൂപോലും:
പൊട്ടിച്ചിരിപ്പൂ ഞാൻ മുത്തച്ഛൻ!

ചത്തിട്ടില്ലവ,നെന്തെന്തു വന്നാലും
ചാവുകയില്ലാക്കെങ്കേമൻ.

‘കമ്പം പിടിച്ചു തന്തയ്ക്കെന്നോ?
പമ്പരവിഡ്ഢിത്തം പറയാതെ!

അവതാരപുരുഷനാണവനെന്ന,ല്ലെങ്കി–
ലറിയുവാൻ വയ്യല്ലോ നിങ്ങൾക്ക്!’’

**2**

പാതയിൽനിന്നാഗാനം നീങ്ങി–
പ്പാടത്തേക്കു പരക്കുന്നു:

‘‘ഉണ്ണിത്തണ്ടിനെപ്പോലെ കിടപ്പാ–
ണുണ്ണിയുമെന്നോ ചെയ്ത്താനേ?

ഞാനാക്കുഞ്ഞിക്കള്ളനെ മാറൊടു
പൂണും, പൂണ്ടു ചിരിപ്പിക്കും.

വെയ്ക്കില്ലവനെ ഞാൻ താഴത്തെ,ന്നല്ല,
വെണ്ണയും പാലും കൊടുക്കും ഞാൻ,

കൊഞ്ചിപ്പറഞ്ഞു രസിപ്പിക്കും ഞാൻ,
പഞ്ചാരയുമ്മയുതിർക്കും ഞാൻ,

‘കാക്കൂ കൂക്കൂ’ കളിപ്പിക്കും ഞാൻ.
കൊട്ടത്തുലാംപോമ്പാ’ടിക്കും.

ഈശ്വരനെൻ കൈവെള്ളയിൽ നട്ടൂ
ശാശ്വതമാമാപ്പൂവിത്ത്!’’

**3**

പാടത്തീറൻ മഞ്ഞിലലിഞ്ഞാ
പാട്ടു തുളുമ്പിക്കേൾക്കുന്നു.

‘‘പൂവിത്തെല്ലാം മണ്ണിൻമാറിൽ
പൂഴ്ത്തണമെന്നോ ചെയ്ത്താനേ?

മണ്ണിലും വെയ്ക്കില്ല, കല്ലിലും വെയ്ക്കില്ല
നിർണ്ണയം ഞാനിപ്പൂവിത്ത്!

ഇത്തിരി ചട്ടം വേണം വിരുതനെ
മെത്തപ്പുറത്തേ കിടത്താവൂ.

പാപ്പാസ്സിട്ടേ നടത്താവൂ, പിന്നെ
പട്ടുടുപ്പിട്ടേ കാണാവൂ.

ഒക്കേനും വേണമൊരന്തസ്സവനോടു
ചക്കരവാക്കേ പറയാവൂ

കാതിൽക്കഴുത്തിലരയിലും വേണം,
കാലിലും വേണം പൊൻപണ്ടം;

എണ്ണം പറഞ്ഞൊരു പൊട്ടിടുവിക്കണം,
കണ്ണെഴുതിക്കണം കാതോളം.’’

**4**

അമ്പലമുറ്റവുമപ്പടുപാട്ടാൽ
കമ്പിതമായിത്തീരുന്നു:

‘‘കാച്ചിയതാവണമെണ്ണയും വെള്ളവും;
തേച്ചുകുളിക്കണമെന്നെന്നും;

തോർന്നതുകൊണ്ടേ തോർത്തേണം; മുടി
തോളിൽച്ചുരുണ്ടുകിടക്കേണം.

ഭേദപ്പെട്ടൊരു കട്ടിലും വാങ്ങണം:
ചേതം നോക്കരുതതിലൊന്നും

ഉള്ളതുകൊണ്ടൊരു പൊന്നോണമെന്ന–
തില്ലാത്തക്കാലത്തെ വേദാന്തം.

ഇക്കണ്ടതൊക്കെ ഞാനെന്തിനു നേടി
ചെക്കനുവേണ്ടിയിട്ടല്ലെങ്കിൽ?’’

**5**

പൊട്ടിയ നെഞ്ചു ചിലമ്പിച്ചേർപ്പു
പാട്ടിലിടയ്ക്കൊരു കാർക്കശ്യം:

‘‘പാടെത്രപെട്ടൂഞാനെന്നോ പണ്ടി–
പ്പാർവണത്തിങ്കളിന്നായിട്ട്?

പാതിരക്കാറ്റു കടിച്ചുപറിക്കുമ്പോൾ
പല്ലുകൾ കൂട്ടിയടിക്കുമ്പോൾ

തേവിനിറച്ചേൻ പുഞ്ചപ്പാടം,
പാടിനിറച്ചേനാകാശം.

തങ്കപ്പൊടിനിലമാക്കീ ഞാനീ–
ച്ചെങ്കൽക്കുന്നുകളൊന്നോടെ.

തൂവ്വ കടിച്ചിട്ടും, മുള്ളു തറച്ചിട്ടും,
തൂവിയുമില്ലാ കണ്ണീര്!

‘തൂവുക തൂവുക കണ്ണീ’രെന്നോ
കൂവി മദിപ്പൂ ചെയ്ത്താനേ?

യാതനയെത്ര വിഴുങ്ങീ ഞാനീ
കതിരവബിംബത്തിന്നായിട്ട്?

ഉപ്പുരസപ്പെരുമാരി പൊഴിച്ചൊരു
വേർപ്പു കുടിച്ചു കരുത്തോടെ,

തെങ്ങും കവുങ്ങും ഞാൻ വെച്ചല്ലോ കൈയിൽ
തേവിത്തഴമ്പു പിടിച്ചല്ലോ!

ഇന്നാശ്ശൃംഗാരക്കട്ടകളെല്ലാ–
മൊന്നിന്നോക്കണമായല്ലോ!

ചളിയിൽത്തന്നെയുറങ്ങീലേ ഞാനീ
മഴവിൽക്കൂമ്പിനെച്ചൊല്ലീട്ട്?

തിരളാറായും തിരണ്ടുകുളിച്ചും
തീണ്ടാരിക്കുളി തെറ്റീട്ടും

തൂമിഴിത്തുമ്പത്തു കാമുകസ്വപ്നത്താ–
ലോമൽത്തരളത മിന്നുമ്പോൾ

തലമുടിചിക്കും രംഭകളാമീ–

ക്കുലനാരിമാരെക്കണ്ടില്ലേ?''

6

പാടം വിട്ടാപ്പാട്ടൊരു കുന്നിൻ
പള്ളയിൽനിന്നേ തേങ്ങുന്നു

''ഇട്ടുണ്ണൂലിക്കൊരുണ്ണിപിറന്നു:
പൊട്ടിച്ചിരിച്ചു ഞാൻ മുത്തച്ഛൻ!

പെട്ടെന്നുണ്ണി കഴിഞ്ഞുപോലും:
വെട്ടിനുറുക്കും ഞാൻ ചെയ്ത്താനേ!

അവനാരാണെന്നറിയാമോ നിന–
ക്കവനീ മുറ്റത്തെത്തൂമുല്ല.

അവനീ നാലുപുരയിലെദ്ദീപം,
അവനീത്തറവാടിൻ തായ് വേര്.

ഞാനാക്കള്ളനെക്കാണാതെതാനി–
ന്നാണയിടുന്നു, കേട്ടോളു

പൂവമ്പഴത്തിനെപ്പോലെയിരിക്കും
പൂമെയ്യ്,ല്ലെങ്കിൽക്കണ്ടോളു.

എള്ളിടതെറ്റില്ലെന്തുകൊണ്ടെന്നാ,ല–
തെന്റെ കുലത്തിന്റെ നാമ്പല്ലേ?

പൂവിട്ട മുല്ലക്കാടുകണക്കെ–
പ്പുഞ്ചിരിതൂകും ചങ്ങാതി.

പത്തരമാറ്റും കുറച്ചുംകൂടിയു–
മുത്തമമാണാസ്സൗശില്യം

പറയില്ലേറെ, പ്പറഞ്ഞാലാട്ടെ,
കൂരമ്പുപോലെത്തറച്ചേക്കും.

വെട്ടിനു വെട്ടും, തോളിനു തോളും
വച്ചുകൊടുക്കും ചങ്ങാതി.''

7

പാതിരനിന്നു വിറക്കൊള്ളുന്നു
പാതിയടഞ്ഞോരക്കണ്ഠത്തിൽ.

''തന്തക്കൊരണ്ടിയാണെങ്കിലും ഞാനി–
ന്നന്തസ്സുള്ളവനായ്പ്പോയി!

കരിയും നുകവും ചുമന്നാച്ചുമലിൽ–
ക്കട്ടിക്കരിന്തഴമ്പുണ്ടാവാൻ,

ചേറും ചളിയും ചവുട്ടിയാച്ചേവടി–
ത്താരിൽക്കുഴിനഖം കുത്താനും,

എന്തെന്തു വന്നാലും സമ്മതിക്കില്ല
തന്തക്കഴുത ഞാൻ മുത്തച്ഛൻ!

മാണിക്യക്കല്ലിനെച്ചെങ്കല്ലായെണ്ണും
മാടല്ലവന്നെഴും മുത്തച്ഛൻ!

പരമാർത്ഥം പറകിലീ മാണിക്യക്കല്ലല്ലോ
പാരിന്റെ ഭാഗ്യപ്രതിബിംബം

വലിയ പണക്കാരനവനെക്കണ്ടാൽ
വാലുമടക്കും, ധരിച്ചോളൂ;

പണ്ഡിതമാനികളവനെക്കണ്ടാൽ
പത്തിചുരുക്കു,മറിഞ്ഞോളു;

കന്യകമാരാസ്സുഭഗനെക്കണ്ടാൽ
കൊത്തിവലിക്കും, കണ്ടോളൂ;

കണ്ണിൽക്കണ്ട ചെറുക്കന്മാർക്കോ
കണ്ണുകടിക്കും, നൊയ്ക്കോളു.''

**8**

ഭൂമിയിൽനിന്നുമുയർന്നകലുന്നു
ധൂമികപോലാസ്സംഗീതം:

''രാജാവിന്റെ നിരപ്പിനാക്കേമൻ
രാജിച്ചുകണ്ടിട്ടല്ലാതെ

ഭൂമിയിലേക്കു മടങ്ങുകയില്ലി–
ത്തീയേ തിന്നും മുത്തച്ഛൻ.''

കൂരിരുളാണ്ട വിഹായസ്സാകെ വി–
ദാരിതമാക്കിയ സംഗീതം

ലോകാലോകമരിച്ചുകടന്നു,
മൂകത വീണ്ടും തേങ്ങി:

''ചത്തിട്ടില്ല കിറുക്കന്മാരേ,
ചാവുകയില്ലിദ്ദേവൻ!''

# കുട്ടികളുടെ തൃശ്ശൂർപ്പൂരം

കുട്ടികൾ നമ്മളും കാലപ്പഴക്കത്താൽ
കൂറ്റൻമനുഷ്യരായ്ത്തീരുമത്രേ.

പല്ലുകളാടിക്കൊഴിയുമത്രേ, പിന്നെ
പട്ടടയിൽ കണ്ണടയുമത്രേ

ചോദിക്കും നമ്മളോടന്നു നാം സ്വർഗ്ഗത്തിൻ
വാതിൽക്കലെത്തിയാൽ ചിത്രഗുപ്തൻ:

''തൃശ്ശൂരെയപ്പനെ കണ്ടവരാരുള്ളു,
തൃത്താവൂ നട്ടുനനച്ചവരും?''

എന്തു മറുപടി ചൊല്ലുമെന്നിപ്പൊഴേ
ചിന്തിച്ചുറപ്പിച്ചാൽ ക്ലേശമില്ല.

മിണ്ടാതെനിന്നാലുടൻ നരകത്തിലേ–
ക്കുന്തിക്കളയുമാ ശുൺഠിക്കാരൻ.

നെയ്യിന്റെ കൂനയ്ക്കടിയിലെവിടെയോ
പൊയ്യായമരും വടക്കുന്നാഥൻ

കാണപ്പെടുന്നതെമ്മട്ടിലാണ– ങ്ങോരെ
കണ്ടവരാരുമിപ്പാരിലില്ല.

തൃത്താവു നട്ടുനനയ്ക്കുന്നകാര്യത്തി–
ലിത്തരം വൈഷമ്യമില്ല പക്ഷേ.

നാലഞ്ചു കൊങ്ങണംകത്തിക്കുഴികളിൽ
വേലിക്കൽ ചോദിച്ചാൽ കിട്ടും തൈകൾ

കുത്തിയിടാൻ ചുണ്ടത്തമ്മിഞ്ഞപ്പാലുള്ള
കുട്ടിക്കുപോലും കഴിയുമല്ലോ.

കുത്തിയിട്ടാലോ ജയിച്ചുകഴിഞ്ഞു നാം,
തൃത്താവിൻ നിശ്വാസത്തുമണത്താൽ

കിട്ടുന്നു രോഗവിമുക്തിയാദ്യം; പിന്നെ–
ക്കിട്ടുന്നു സാക്ഷാൽ വിമുക്തിതന്നെ.

എങ്കിലുമെന്നിൽ കതിരിടും സംശയ–
മെന്തിന്നു ഞാനിന്നൊളിച്ചുവെപ്പൂ?

കൈവണ്ടി വീട്ടിലില്ലാത്തതുകാരണം
കൈകൊണ്ടു പുസ്തകക്കെട്ടുപേറി

അന്തിക്കു വീട്ടിൽ തിരിച്ചെത്തും കുട്ടിക്കു
ചിന്തിക്കാനാവുമോ ദേഹദണ്ഡം!

വിദ്യാവ്യസനം കഴിയുമ്പൊഴോ, നമ്മ–
ളുദ്യോഗവേടന്മാരായ്ക്കഴിഞ്ഞു.

കൊച്ചിയാവട്ടേ കൊയിലാണ്ടിയാവട്ടേ
കോമരംതുള്ളി നാമെത്തുമെങ്ങും.

ആമാശയത്തിലൊളിക്കുന്നു പിന്നെയി–
ബ്ഭൂമിയിലുള്ള മനുഷ്യജന്മം.

കുട്ടികൾ നമ്മൾക്കൊരിക്കലും തൃത്താവു
നട്ടുനനയ്ക്കാൻ കഴിഞ്ഞീലെങ്കിൽ,

തൃത്താവു നട്ടുനനയ്ക്കാത്ത നമ്മൾക്കും
പട്ടടയിൽ കണ്ണടഞ്ഞുവെങ്കിൽ

ചിത്രഗുപ്തൻ വന്നു ചോദിക്കും ചോദ്യത്തി–
നുത്തരമിപ്പൊഴേ കണ്ടുവെക്കാം:

''തൃശ്ശൂരെയപ്പനെക്കണ്ടവനല്ല ഞാൻ,
തൃത്താവു നട്ടുനനച്ചുമില്ല.

എങ്കിലും മൂപ്പരേ, തൃശ്ശൂരെപ്പൂരങ്ങ–
ളെമ്പാടും കണ്ടു രസിച്ചവൻ ഞാൻ.

മുമ്പിലെൻ മണ്ട കുലുങ്ങിടായ്കിൽ തിരു–
വമ്പാടിക്കാർക്കില്ല പഞ്ചവാദ്യം!

പക്കത്തെൻ കുമ്പ വിയർക്കാതിലഞ്ഞിക്കൽ
പാറമേക്കാവിന്റെ മേളമില്ല!

അന്തിത്തുടുപ്പെൻ മുഖത്തുദിച്ചില്ലെങ്കി–
ലാനക്കുടച്ചന്തം മാറലില്ല!

ആനപ്പുറത്തെത്തിടമ്പുതൊട്ടല്ലിലാ
മാനത്തു പൊട്ടുമമിട്ടിലോളം

ശിവനെക്കുറിച്ചുള്ള ബോധമേ കണ്ടു ഞാൻ
ശിവനുണ്ണിക്കായ്കളിലെന്നപോലെ!.''

ഇതുകേട്ടശേഷവും ചെന്നാ നരകത്തിൻ
കതകു തുറക്കുമോ ചിത്രഗുപ്തൻ?

കതകാക്കുറുമ്പൻ തുറക്കുകയാണെങ്കി–
ലതു കണ്ടു നിൽക്കുമോ തൃശ്ശൂരപ്പൻ?

# വിദ്യാരംഭം

ഉഴക്കരിപ്പൊടി വിതറിയ മാതിരി–
യുച്ചവെളിച്ചങ്ങൾ:
ഉഴക്കു മഞ്ഞപ്പൊടി തൂവിയപോ–
ലുദയാസ്തമയങ്ങൾ:
ഉഴക്കു നെയ്യിൽ പഞ്ചപ്രാണമ–
രുത്തും തെളിയുമ്പോൾ
ഉയരെക്കാർത്തികമാസമൊരുക്കീ
സ്വസ്തികപദ്മങ്ങൾ.
ചിരിച്ചിടുന്നൂ പൂജാമുറിയില–
ലക്കുവിരിപ്പിൻമേൽ
ചിതലിൻ മോണയിലവശേഷിച്ചൊരു
പുസ്തക വിജ്ഞാനം.
അവിൽ മലരപ്പം പായസമമ്മ നി–
വേദ്യമൊരുക്കുമ്പോൾ
അ – ആ–ഇ–ഈ–ഉ–ഊ–അച്ഛനെ–
ഴുത്തിനു വയ്ക്കുന്നു
ഗം ഗണപതയേ നമോനമഃ
സം സരസ്വത്യൈ നമഃ
വം വ്യാസായ നമോ നമഃ
ഗും ഗുരുഭ്യോ നമാമ്യഹം!

# അത്തച്ചമയം

പഞ്ചാംഗം നോക്കുന്നതെന്തിനാണമ്മേ?
ഓണമെന്നാണെന്നറിയുവാൻ തന്നെ
മറ്റന്നാളത്തച്ചമയമാണത്രേ
ഞാനെന്റെ വീടും ചമച്ചൊരുക്കട്ടെ
പട്ടണത്തീന്നച്ഛനെന്നു വന്നെത്തും?
കൽപ്പന കിട്ടിയാലന്നു വന്നെത്തും.
നേന്ത്രപ്പഴക്കുലയാരു മേടിക്കും?
അച്ഛനെത്തീലെങ്കിലമ്മ പോയ് വാങ്ങും.
കോടിയുടുപ്പുകൾ വാങ്ങുകയില്ലേ?
കോടിയുടുപ്പും ഞാൻ തന്നെ പോയ് വാങ്ങും.
തൃക്കാക്കരപ്പനെ വെയക്കുകയില്ലേ?
തൃക്കാക്കരപ്പനേം ഞാൻ തന്നെ വെയ്ക്കും.

കാളനുമോലനും വെയ്ക്കലും വേണ്ടേ?
കാളനുമോലനും വെയ്ക്കലും വേണം.
ചേനയും കായും വറുക്കലും വേണ്ടേ?
ചേനയും കായും വറുക്കലും വേണം.
പാട്ടുകൾ പാടിക്കളിക്കയും വേണ്ടേ?
അക്കാര്യം മാത്രം നീയേൽക്കണം മോളേ!
അമ്മയ്ക്കു ജോലിയേ വേണ്ടുവെന്നായോ?
തണ്ടെല്ലു നീർത്തിക്കിടക്കയും വേണം.

## ആർക്കിമെഡീസ്

ആന വരുന്നതു കാണുവാൻ നാട്ടുകാ–
രാർത്തി പിടിച്ചു തടിച്ചുകൂടി.
''തുമ്പിക്കൈ വായിൽ തിരുകലോ, വാലിന്റെ
തുമ്പിൽ പുരണ്ട ചെമ്മൺപൊടിയോ,
തൂവെണ്ണ കൊണ്ടു വാർപ്പിച്ചതുപോലുള്ള
തൂശിത്തലപ്പെഴും കൊമ്പുകളോ,
ചന്തി കുണുക്കി നടക്കും കുറുമ്പനു
ചന്തം വളർത്തുന്നതേതധികം?''
അച്ഛന്റെ തോളിലമരും സുരക്ഷിത–
നപ്പു ചിന്തിച്ചതിതായിരുന്നു.
അപ്പൊഴേക്കാനത്തലവനും പാപ്പാനു–
മട്ടക്കുളത്തിലേക്കാണ്ടിറങ്ങി.
കയ്യിലെപ്പാറകത്തിന്നില കൊമ്പന്റെ
മെയ്യിലാപ്പാപ്പാനുരച്ചിടുമ്പോൾ
അച്ഛന്റെ തോളിൽ കൈചുറ്റിയിരുന്നിടു–
മപ്പു ചിന്തിച്ചതിതായിരുന്നു,
''ആന വെള്ളത്തിലേക്കാണ്ടതു കാരണ–
മച്ഛന്റെ കാലടി മുങ്ങിയല്ലോ!''
അപ്പുവിൻ വിസ്മയം നൊട്ടിനുണച്ചുകൊ–
ണ്ടച്ഛനെന്തപ്പോൾ പറഞ്ഞുവെന്നോ?
''ആർക്കിമെഡീസിന്നു ജീവിച്ചിരിക്കുന്ന
തപ്പുവിന്നാത്മാവിലായിരിക്കാം!''

## കൃഷ്ണാ പാഹി!

ഉഷ്ണംമൂലം പരുന്തുകൾ വിണ്ണിൽ
'കൃഷ്ണാ പാഹി'യെന്നുച്ചരിക്കുമ്പോൾ
കൃഷ്ണൻകുട്ടി മുലകുടിക്കുമ്പോൾ
കൃഷ്ണപ്പാട്ടമ്മനോക്കി വായിപ്പൂ.
കൃഷ്ണപ്പാട്ടമ്മനോക്കി വായിക്കേ
കൃഷ്ണൻകുട്ടിക്കു ചോദ്യമുദിച്ചൂ.

''ആനകദുന്ദുഭിക്കർത്ഥമെന്തമ്മേ,
ആനയ്ക്കു കുഞ്ഞിക്കണ്ണായതെന്തമ്മേ

കുതിരയ്ക്കു കൊമ്പുവരാത്തതെന്തമ്മേ,
മുതിരയ്ക്കു മോരിണങ്ങാത്തതെന്തമ്മേ?''

കൃഷ്ണപ്പാട്ടു മടക്കിവെച്ചമ്മ
കൃഷ്ണൻകുട്ടിക്കൊരുമ്മ കൊടുക്കേ
കൃഷ്ണൻകുട്ടിയില്ലമ്മയുമില്ല
'കൃഷ്ണാ പാഹി'യായ്ത്തീർന്നൂ സർവസ്വം.

## അരക്ഷിതാവസ്ഥ

കുട്ടീ, കുട്ടീടെ പേരെന്താ?

കിട്ടുമ്പോത്തീനിയെന്നായ്ക്കോട്ടെ
മൂക്കു വിറയ്ക്കുന്നുണ്ടല്ലോ!
മൂക്കുള്ളോർക്കതുമുണ്ടാകും.

കുട്ടീ, കുട്ടീടെ വീടേതാ?
നിങ്ങൾക്കതെന്തിന്നറിയേണം?
വീട്ടിലേക്കൊത്തിരി വഴിയുണ്ടോ?
നിങ്ങൾക്കു വേറെത്തുരമില്ലേ?

വരവിപ്പോൾ സ്കൂളിൽ നിന്നാണല്ലേ?
പുസ്തകം കണ്ടാലറിയില്ലേ?
കീറി മുഷിഞ്ഞ ഫ്രോക്കാണല്ലോ!
നല്ലതു തന്നാലിട്ടേക്കാം.

ചങ്ങല പൊന്നിന്റെയാണല്ലോ!
തൊട്ടുവോ, തൊട്ടാൽ കരയും ഞാൻ.
പൊട്ടിച്ചെടുത്തു ഞാൻ പാഞ്ഞാലോ?
അയ്യോ, കള്ളൻ, കള്ളൻ.

## ആരാവണം?

അഞ്ചുവയസ്സുള്ള പേരക്കിടാവിനു

പഞ്ചാരമിട്ടായി നല്കി
ആരാഞ്ഞൂ മുത്തച്ഛൻ ''കുട്ടന്നു ഭാവിയി–
ലാരാവാനാണിന്നു മോഹം?''
മിട്ടായി തിന്നും തിരക്കുകൊണ്ടാവണം;
കിട്ടിയില്ലുത്തരമൊന്നും.
മുത്തശ്ശിയപ്പോളവന്റെ കവിളത്തു
മുത്തംകൊടുത്തു ചോദിച്ചു;

'മുത്തശ്ശി ദണ്ണം പിടിച്ചു കിടക്കുമ്പോ–
ളെത്തും നീ ഡോക്ടരായല്ലേ?'
പുഞ്ചിരി കാൺകയാൽ പിന്നെയും ചോദിച്ചു,
'എഞ്ചിനീറാവാനോ മോഹം?'.

'ഞാൻ വലുതായാൽ' പറകയാണാക്കുട്ടി
'ഞാനാവാനാണെന്റെ മോഹം
കുറ്റബോധത്താൽ തലതാഴ്ത്തി നിൽക്കയോ

ചുറ്റുപാടുള്ളവരാകെ!

## നാഴികവട്ട

മച്ചുതുറന്നച്ഛനൊരു
ചെമ്പുപാത്രമെടുത്തപ്പോൾ
കൊച്ചുകിടാവിന്റെ മുഖം
വിടർന്നുപോയി.
തുടുവിരൽത്തുമ്പുകളാൽ
പച്ചവർണ്ണപ്പൂപ്പലുകൾ
തുടയ്ക്കുമ്പോൾ കടക്കണ്ണു
തുടിച്ചുപോയീ.
''അച്ഛാ നോക്കൂ, പാത്രത്തിന്നൊ–
രോട്ടയുണ്ടേ'' ന്നവൻ ചൊൽകേ
പ്രച്ഛന്നഹർഷത്താൽ ചുണ്ടു
തുറന്നിതച്ഛൻ:
''കാണുന്നതിന്നാദ്യമാവും
നാഴികവട്ട നീയല്ലേ;
വേണം ചുവട്ടിലിസ്സൂചി
ത്തുളയുമുണ്ണീ.
എന്തിനായിട്ടാണിതെന്നോ?
വെള്ളത്തിലിട്ടാലിപ്പാത്രം
പൊന്തിക്കിടക്കുന്നതൊരു
നാഴികമാത്രം.''
''കാണണം'', എന്നോതിപ്പോയി–
ക്കൊണ്ടുവന്നൂ മകനൊരു
കാൽപ്പറച്ചെമ്പ,ച്ഛനതിൽ
നിറച്ചൂവെള്ളം.
നാഴികമണിയിൽത്തന്നെ
കണ്ണുനട്ടുനിന്ന മക–
നേഴുമണിയടിച്ചപ്പോ–
ളേഴെന്നു ചൊല്ലി.
അച്ഛനപ്പോൾ പാത്രത്തിലെ
ജലപ്പരപ്പിനു മീതെ
വച്ചു പൂർവികന്മാർ തീർത്ത
നാഴികവട്ട.
ഇരുപത്തിനാലു മിനി–
റ്റനങ്ങാത്ത മകൻ, ചൊന്നാ–
നിരുപത്തിയഞ്ചിൽ, ''മുങ്ങി
നാഴികവട്ട.''
ലോകം മുഴുവനും വെട്ടി–
പ്പിടിച്ചപോലൊരാനന്ദ–
മേഖലയിലേക്കാ പൈത–
ലുയർന്നു പോകേ
നാഴികവട്ടയിൽ സ്വന്ത–
മുൺമയെക്കണ്ടെത്തുമച്ഛൻ
താഴുകയോ മൂകതത–

ന്നഗാധതയിൽ?

# എള്ളിന്നിടയിൽ

എള്ളിന്നിടയിൽ കിടന്നുണങ്ങുന്നു ഞാ–
നെന്തിനായിട്ടെന്നറിഞ്ഞുകൂടാ,
എണ്ണയ്ക്കുവേണ്ടിയിട്ടല്ലാ, കുറുഞ്ചാത്ത–
നെന്നവംശക്കാരനല്ലയോ ഞാൻ?
എള്ളിനേഴുണ്ടഴകെന്നു കേൾപ്പൂ, ശരി;
കൊള്ളിനെന്നാലുഴവൊന്നു പോരേ?
എള്ളു ചോരുന്നതു കണ്ട കണ്ണെന്തുകൊ–
ണ്ടെണ്ണ ചോരുന്നതു കാൺമതില്ല?
എള്ളിലെ വാരം മുതിരയിൽ ചേതമാ–
ണെന്നറിയുന്നവൾക്കോർമ്മയില്ലേ
എള്ളു കൊറിച്ചാൽ വയറു നിറയുന്ന–
തെള്ളോളം മാത്രമാണെന്ന സത്യം?
എള്ളുണങ്ങീടട്ടെ, വെള്ളവും വറ്റട്ടെ.
പിണ്ണാക്കുണങ്ങുന്നതെന്തിനമ്മേ?

# കുട്ടപ്പന്റെ കുസൃതി

വള്ളിക്കൂടത്തിൽചേർന്നന്തിക്കു വീടെത്തി
തുള്ളിക്കളിക്കുന്നു കുട്ടപ്പൻ
''എന്തെല്ലാം ജാതിക്കാർകുട്ടികളാണമ്മേ,
എന്നോടൊന്നിച്ചുപഠിക്കുന്നു?''
''കുട്ടപ്പാ,വേർപ്പു തുടയ്ക്കെ''ന്നു പൊന്നമ്മ
കൂജാവിൻ മൂടി തുറക്കുമ്പോൾ,
കുട്ടപ്പൻ വീണ്ടും പറയുന്നു, ''രാഘവൻ–
കുട്ടി നെടുങ്ങാടിയാണത്രെ,
ചെന്താമരാക്ഷനോവെള്ളോടിയാണത്രെ,
നന്ദകുമാരനാണേറാടി,
പിന്നെയുമുണ്ടൊരാൾ രാമനടിയോടി:
ഇന്നാണിതൊക്കെ ഞാൻ കേൾക്കുന്നു.''
ചൂടുള്ള പാ,ലോട്ടുഗ്ലാസ്സിൽ പകർന്നുകൊ–
ണ്ടൂതിക്കുടിച്ചിടും കുട്ടപ്പൻ
അദ്ഭുതപൂർവം ചെവിയോർത്തു നിൽക്കയാ–
യമ്മ പറയും പുരാണങ്ങൾ.
''ഏറാടിയെന്നു വിളിച്ചുവരുന്നു നാ–
മേറനാടാകെ ഭരിച്ചോരെ:
അന്നു നെടിയിരുപ്പെന്ന രാജ്യം വാണി–
രുന്നവരിന്നു നെടുങ്ങാടി.''
പെട്ടെന്നിടയിൽക്കടന്നു പറയുന്നു
കുട്ടപ്പ, ''ങ്ങനെയാണെങ്കിൽ
അടികൊടുത്തോടുന്ന കളരിപ്പയറ്റുകാ–
രടിയോടിതൻ നാട്ടിലാണല്ലേ?''

കുടു കുടെ പൊട്ടിച്ചിരിച്ചുകൊണ്ടും പിഞ്ചു-
കുസൃതിയിൽ മുങ്ങിക്കുളിക്കുമ്പോൾ
ഉടുമുണ്ടാലമ്മ തുടയ്ക്കുന്നതുണ്ണിതൻ
കടവായിലെപ്പാൽപ്പതയല്ലേ?

## വമ്പനും കൊമ്പനും

അമ്പത്തിയഞ്ചു വയസ്സിലിരുന്നു ഞാ-
നഞ്ചുവയസ്സിലേയ്ക്കോടുമ്പോൾ
കോണകവാലനെത്താങ്ങിപ്പിടിച്ചൊരാൾ
ആനപ്പുറത്തു കയറ്റുന്നു!
കാരിരുമ്പാണിപോലാനതൻ രോമങ്ങൾ
കാലിന്റെ വണ്ണയിൽ താഴുമ്പോൾ
എങ്കിലുമാനപ്പുറത്തുകയറിയ
വമ്പനെന്നെന്നെ ഞാൻ വാഴ്ത്തുന്നു!
അന്നാനരോമങ്ങളേറ്റുതിണർത്ത കാൽ-
വണ്ണ ഞാനിന്നു തലോടുമ്പോൾ
നൊമ്പരം: മണ്ണടിഞ്ഞിട്ടെത്രകൊല്ലമായ്
കൊമ്പനുമന്നത്തെപ്പാപ്പാനും!